

ന. പിതാവു് മാർ തോമ്മാ ശ്ലീഹാ.

(തിരുനാൾ ജൂലൈ ൩.)

# കൎമ്മേലകുസുമം.

പുസ്തകം ൨൧.) ജൂലൈ. (ലക്കം ൧.


## കൎമ്മേലനാഥാ കീൎത്തനം.

(ശ്രീമാൻ, എ. റി. ദേവസ്സി; എങ്ങണ്ടിയൂർ.)

"കാണവേണം കാണവേണം" എന്ന രീതി.

1. കൎമ്മേലനാഥേ! വിശുദ്ധമേരീ! തായേ!
ശൎമ്മ ദായകിയാം പുണ്യ നാരീ! മമ—
കൎമ്മത്താല്യം, വചസ്സാല്യം, മനസ്സാല്യമുള്ളവാകും പാപം—തീൎക്ക—മേരീ!
2. വാനവൎക്ക കണ്മണിയാം റാണീ! തായേ!
ദാനകാരിണിയാം ജനയിത്രീ! നമോ!
ന്യൂനമെനിക്കതപൽപ്പാദം മാത്രമേശരണമുള്ളു ഖേദം—തീൎക്ക—നാഥേ
3. ചില്പുരുഷ ജനനിയാം മേരീ! യെന്നി—
ലല്ലമെങ്കിലും കരുണകാട്ടി—തീരെ
കെല്പില്ലാത്തവനാകുന്ന താവകദാസനാമെന്നിൽ രക്ഷ-നൽകി-യാലും!
4. എത്രയും കരുണയുള്ളോരംബേ! തവ
പുത്രനായ് കരുതുകെന്നേ ചെമ്മേ ദുഷ്ട— (ഷ്ടം.
ചിത്തനാമെന്നിലണ്ടുന്ന കൺകോണിളക്കീടാഞ്ഞാൽ ഹ! കഷ്ടം!രക്ഷ-ന
5. താവകസങ്കേതത്തിങ്കലോടി—വരും
പാപികളിലാരും നശിച്ചിട്ടി—ല്ലല്ലോ.-
ഭാവുകമെന്നിലണച്ചു, ഭാഗ്യശാലിയാക്കേണമേ യെന്നെ-ജവം-തന്നെ.

## പ്രസാധകക്കുറിപ്പുകൾ.

തിരുനാൾമംഗളം

കൎമ്മേലനാഥയുടെയും മാർ തോമ്മാശ്ലീഹായുടെയും ഹാൎദ്ദമായ തിരുനാൾ മംഗളങ്ങൾ ഞങ്ങളുടെ മാന്യവായനക്കാൎക്കെല്ലാവൎക്കും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു. കേരളീയ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഈ തിരു

നാളുകൾ രണ്ടും പ്രത്യേകം ശ്രദ്ധാർഹമാണെന്നുള്ളതിനു സംശയമില്ല. ഉത്തരീയം ധരിക്കാത്തവരും, ഉത്തരീയമാതാവിനെ സ്മരിക്കാത്തവരും ഇവിടത്തെ കത്തോലിക്കരുടെയിടയിൽ ഇല്ലതന്നെ. മാർ തോമ്മാശ്ലീഹായെ തങ്ങളുടെ പിതാവെന്നും അപ്പസ്തോലനെന്നും മലങ്കരസഭഎന്നാളും അഭിമാനിക്കുന്നു. ആകയാൽ ഇപ്രകാരമുള്ള സ്നേഹഭക്ത്യാദരാഭിമാനങ്ങൾ പ്രദർശിപ്പിക്കാനുള്ള അവസരങ്ങളെ നഷ്ടപ്പെടുത്തരുതെന്നു മാത്രമെ ഞങ്ങൾക്കു ഈ തരുണത്തിൽ അനുസ്മരിപ്പിക്കാനുള്ളു.

## ദുക്റാനത്തിരുനാൾ.

മലങ്കരസഭയിൽ ആഘോഷിക്കപ്പെടുന്ന മാർ തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ശ്ലീഹായുടെ രക്തസാക്ഷിത്വദിനമാണോ എന്നും, മററു പൌരസ്ത്യസഭകളിൽ തത്സംബന്ധമായ പാരമ്പര്യം എന്താണെന്നും ഉള്ളതിനേപ്പററി ഇടക്കാലത്തു ചിലക്കു ചില സംശയങ്ങൾ ഉണ്ടായതായി കേട്ടിരുന്നല്ലൊ. കൽദായപാത്രിയക്കീസിൻെറ പ്രൊക്കുറെയിററായി റോമയിൽ താമസിക്കുന്ന വെറി. റവ. ഫാദർ പൌലോസ് ദാവീദ് അവർകൾ തത്സംബന്ധമായി എഴുതിയിട്ടുള്ള ഒരു സാക്ഷ്യം ശ്രദ്ധേയമായിരിക്കുന്നു:—

". . . ഞങ്ങളുടെരാജ്യത്തു ക്രിസ്തീയസഭയുടെ ആരംഭംമുതൽ, ജൂലൈ 3—ാനു— ആഘോഷിച്ചുവരുന്ന തിരുനാൾ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിൻെറ തിരുനാളാണെന്നുള്ളതിനെപ്പററി യാതൊരു ശങ്കയാകട്ടെ സംശയമാകട്ടെ ഇല്ല: ഇതു എല്ലാ പൌരസ്ത്യ സഭകളെ സംബന്ധിച്ചും സംശയരഹിതമായിട്ടുള്ളതാകുന്നു. അന്നത്തേക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളിൽ നിന്നു പ്രത്യേകിച്ചും ഇതു വിശദമാക്കുന്നതാണ്. ഈ പ്രാർത്ഥനകൾ മരണത്തേയും രക്തസാക്ഷിത്വത്തേയും മാത്രം സൂചിപ്പിക്കുന്നു. എന്നു തന്നെയല്ല രക്തസാക്ഷിത്വത്തിൻെറ ദിവസമല്ലാതെ ഒരു വേദസാക്ഷിയുടെ തിരുനാൾ ഘോഷിക്കുന്ന നടപ്പു ഞങ്ങളുടെയിടയിലില്ല. റോമൻ മാർട്ടിറോളജിയിൽ ചേർത്തിരിക്കുന്നതു കണ്ടുകൊണ്ട്, ശ്ലീഹായുടെ മരണം ഡിസംബർ മാസത്തിലാണെന്നു ചിലർ പറഞ്ഞുതുടങ്ങിയിരിക്കുന്നതു ഈ ഇടക്കാലത്തുമാത്രമാകുന്നു. ഇതു എല്ലാ പൌരസ്ത്യജനങ്ങളുടെയും, വിശിഷ്യ മാർതോമ്മാശ്ലീഹാ അവരുടെ അപ്പസ്തോലനായിരിക്കുന്ന കൽദായക്കാരുടെയും പാരമ്പര്യത്തിനു വിരുദ്ധമാണ്; എന്നല്ല കൽദായക്കാർ ആദ്യ ശതകങ്ങൾ മുതൽ രക്തസാക്ഷിത്വ ദിനമല്ലാതെ വേറൊരു ദിവസം ശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു വന്നിരുന്നു എന്നുള്ളതു വിചാരിപ്പാൻപോലും പാടില്ലാത്തതാകുന്നു . . "

## വിശുദ്ധഗ്രന്ഥം—പഴയനിയമം.

പഴയനിയമഗ്രന്ഥങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നതിനുള്ള മുറവിളികൾ കേട്ടുതുടങ്ങിയിട്ടു കാലം കുറെയായി. ഒന്നാം പുസ്തകം ഉടനെ പ്രസിദ്ധപ്പെടുത്തുമെന്നുള്ള വിജ്ഞാപനം കണ്ടിട്ടുതന്നെ കൊല്ലം ഒന്നു കഴിഞ്ഞിരിക്കുന്നു. പൊതുകാര്യങ്ങൾക്കായിശ്രമിക്കുന്നവർക്കു ലഭിക്കുന്ന പ്രോത്സാഹനത്തിൻെറയും സഹകരണത്തിൻെറയും നിലയാലോചിച്ചാൽ ഈ കാലവിളംബത്തിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ഏതായാലും മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ ആവശ്യപ്രകാരം ക. നി. മൂ. സ. പ്രിയോർ ജനറാളച്ചനവർകൾ നിയമിച്ച വിവർത്തക സംഘത്തിൽ നിന്നും ഒന്നാമത്തെ പുസ്തകം ഇപ്പോൾ പ്രസിദ്ധപ്പെടുത്തി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. അമ്പതദ്ധ്യായങ്ങളുള്ള സൃഷ്ടിയുടെ പുസ്തകം സമഷ്ടിയായ വ്യാഖ്യാനങ്ങൾ സഹിതം ഇതിൽ അടങ്ങിയിരിക്കുന്നു. വിവർത്തകസംഘാദ്ധ്യക്ഷനായ ക. നി. മൂ. സ. ബ. മാണിക്കത്തനാരവർകളുടെ സാമർത്ഥ്യഫലം പരിഭാഷയിൽ സർവ്വത്ര വ്യാപിച്ചുകാണുന്നുണ്ട്. പരിഭാഷക സംഘത്തെ ഞങ്ങൾ സവിശേഷം അനുമോദിച്ചുകൊള്ളുന്നു. എട്ടണ വിലയ്ക്കു മാന്നാനം സെൻറു ജോസഫ്സ് പ്രസ്സിൽ ഈ പുസ്തകം കിട്ടുന്നതാണ്.

# കർമ്മലനാഥയുടെ തിരുനാൾ.

(റവ. ഫാദർ ഗ്രിഗോരി സി. ഡി.)

൧൨൫൧ കക്കടകം ൧൬-ാംനു-, അന്നു കർമ്മലസഭയുടെ പൊതുശ്രേഷ്ഠനായി ശോഭിച്ചിരുന്ന വി. ശെമോൻസ്റ്റോക്ക് എന്ന ദേഹം, വളരെ വിഷമതകളും ഞെരുക്കങ്ങളുമുണ്ടായിരുന്ന ആ കാലഘട്ടത്തിൽ, തന്നെയും തൻെറ സഭയേയും കാത്തുപരിപാലിക്കണമെന്നു് തൻെറ സഭയുടെ അലങ്കാരമായ കർമ്മലനാഥയെ നോക്കി അശ്രുധാരകളോടുകൂടെ അപേക്ഷിക്കയായിരുന്നു. പരിശുദ്ധ ദൈവജനനി കരങ്ങളിൽ ഒരുകപിലോക്കരീയം പിടിച്ചുകൊണ്ടു് തൻെറ തിരുത്തമാരനോടുകൂടെ അദ്ദേഹത്തിന്നു പ്രത്യക്ഷയായി. "എൻെറ വാത്സല്യമകനെ! നിൻെറ സഭയുടെ ഈ ഉത്തരീയത്തെ നീ സ്വീകരിക്ക. ഇതു നിനക്കും കർമ്മല സഭക്കാരേവക്കും വേണ്ടി ഞാൻ അപേക്ഷിച്ചു പ്രാപിച്ചിരിക്കുന്ന ദൈവവരത്തിൻെറ ഒരു പ്രത്യേക അടയാളമാകുന്നു. ഈ ഉത്തരീയത്തെ ധരിച്ചുകൊണ്ടു മരിക്കുന്നവരിലാരും നിത്യാഗ്നിയിൽ വീഴുകയില്ല. ഇതു രക്ഷയുടെ ചിഹ്നവും, ആപത്തുകളിൽ സങ്കേതവും പ്രത്യേകസമാധാനാദരവുകളുടെ അച്ചാരവുമാകുന്നു" എന്നു അരുളിച്ചെയ്തു. ഇംഗ്ലണ്ടിൽ കേംബ്രിജ് പട്ടണത്തിൽ വച്ചു നടന്ന ഈ സംഭവത്തിൻെറസ്മരണയ്ക്കായിട്ടാണു ജൂലൈ ൧൬-ാംനു കർമ്മലമാതാവിൻെറ തിരുനാൾ ആഘോഷിക്കപ്പെടുന്നതു്.



എന്നാൽ ഇത്ര മഹത്തായ ഒരു വാഗ്ദാനംകൊണ്ടു് തൻെറ സീമയററ മാതൃസ്നേഹത്തിന്നു പൂർണ്ണതൃപ്തി വന്നില്ലായെന്നു തോന്നുമാറു്, കർമ്മലനാഥ ൭൦ വത്സരങ്ങളുടെശേഷം രണ്ടാമത്തെ ഒരു വാഗ്ദാനം കൂടെ ചെയ്വാൻ തിരുമനസ്സായി. എങ്ങിനെയെന്നാൽ, ൧൩൨൨ മാർച്ച് ൩-ാംനു-യിലെ ഒരു ശ്ലൈഹിക തിരുവെഴുത്തിൽ പറയപ്പെട്ടിരിക്കുംവള്ളം, പരി. ദൈവജനനി കർമ്മലസഭാവസ്ത്രധാരിണിയായി ൨൨-ാമത്തെ യോഹന്നാൻ മാർപ്പാപ്പാക്കു പ്രത്യക്ഷയായി. 'കർമ്മലസഭയുടെയോ ഉത്തരീയസഖ്യത്തിൻെറയോ അംഗമായ ഒരാൾ മരിച്ചു ശുദ്ധീകരണസ്ഥലത്തേക്കു അയക്കപ്പെടുന്നതായാൽ, നിർവ്വാണാനന്തരം പാട്ടപോലെ വേഗത്തിൽ, പ്രത്യേകം അടുത്ത ശനിയാഴ്ചദിവസം, അയാളുടെ ആത്മാവു് കർമ്മലനാഥയായ തൻെറ പ്രത്യേക മാദ്ധ്യസ്ഥംമൂലം അവിടെനിന്നും വിമോചിക്കപ്പെട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന്നിടവരും' എന്നുള്ളതും 'ശനിയാഴ്ചവരം' (Privilegium Sabbatinum) എന്ന അഭിധാനത്തിൽ അതിസാധാരണയായി അറിയപ്പെട്ടിരിക്കു

ന്നതുമായ ആ അസാമാന്യ വരത്തേയും വാഗ്ദാനം ചെയ്തു.

നരകാഗ്നിയിൽ വീഴാതിരിപ്പാൻ സഹായിക്കുമെന്നും, ശുദ്ധീകരണസ്ഥലത്തിൽനിന്നു ശീഘ്രത്തിൽ വിമോചിക്കപ്പെടുമെന്നുമുള്ള പരിശുദ്ധ കന്യകയുടെ ഈ ഇരു അമൂല്യവാഗ്ദാനങ്ങൾ ഹേതുവായിട്ടാകുന്നു, ആദിമകാലം മുതൽ ഏതൽക്കാലപര്യന്തം അനേക മാർപ്പാപ്പാമാരും, ചക്രവർത്തികളും, മെത്രാന്മാരും, രാജാക്കളും, പട്ടക്കാരും, പ്രഭുക്കളും, ധനവാന്മാരും, നിർദ്ധനരും, ബാലന്മാരും വൃദ്ധന്മാരും എന്നുവേണ്ട എല്ലാ സ്ഥിതിയിലും ജീവിതാവസ്ഥയിലുമുള്ള അനവധി വൈദികരും ലൌകികരും കർമ്മലീത്താ ഉത്തരീയത്തെ സോത്സാഹം ആദരിച്ചു ഭക്തിപൂർവ്വം ധരിച്ചുകൊണ്ടുവരുന്നതു്. ഈ ഭക്തി ഇപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പരന്നിരിക്കുന്നു. ഇതു മൂലം നിരവധി നന്മകൾ മനുഷ്യവർഗ്ഗത്തിന്നു കിട്ടിക്കൊണ്ടുമിരിക്കുന്നു.

ഇത്ര ശ്രേഷ്ഠവും ഫലപ്രദവുമായ ഈ കർമ്മല ഉത്തരീയത്തിന്റെ സ്ഥാപനത്തിലുള്ള മുഖ്യോദ്ദേശ്യം, ഈ തിരുവസ്ത്രത്തെ ധരിച്ചുകൊണ്ടു് കർമ്മലനാഥയായ പരി. കന്യകമറിയത്തെ വിശേഷവിധിയായി സ്നേഹിച്ചു് ഈ അമ്മയുടെ നേരെ പരമാർത്ഥഭക്തി തങ്ങളിൽ തന്നെയും മററുള്ളവരിലും ജനിപ്പിക്കുന്നതിന്നായിട്ടു ഏവരും ശ്രമിക്കണമെന്നതാകുന്നു.

ഈ ഉത്തരീയത്തിന്റെ 'നിറം' കപില വർണ്ണമൊ തവിട്ടുനിറമൊ, ഇവയോടു സാമ്യമുള്ള വല്ല നിറമോ, കറുത്ത നിറമോ ആയിരിക്കണം. പച്ച, മഞ്ഞ, വെള്ള, നീല ആദിയായ മററു നിറങ്ങൾ ഉപയോഗയോഗ്യങ്ങളല്ല.

ഈ ഉത്തരീയം, മുറപ്രകാരമുള്ള ഒരു സഖ്യമായ കർമ്മല ഉത്തരീയ സഖ്യത്തോടു സംഘടിതമായിട്ടുള്ളതാകയാൽ ഇതിനെ സ്വീകരിക്കുന്നവരുടെ പേരുകൾ പ്രസ്തുത സഖ്യം യഥാക്രമം സ്ഥാപിക്കപ്പെട്ടിട്ടുള്ള വല്ലൊരു സ്ഥലത്തുസൂക്ഷിക്കപ്പെടുന്ന സഖ്യ റജിസ്റ്റർ പുസ്തകത്തിൽ പതിക്കപ്പെടണമെന്നതു, ഈ ഉത്തരീയത്തിന്നു നിശ്ചിതങ്ങളായ ഫലങ്ങളുടെയും വരങ്ങളുടെയും ലബ്ധിക്കു കൂടിയേ കഴിയൂ.

എന്നാൽ ൧൯൧൩ ഏപ്രിൽ ൨൯-ാം തീയതി വരെ മുറപ്രകാരം പേരെഴുതിക്കായ്കയാലൊ മറേറതെങ്കിലും കാരണത്താലൊ ന്യൂനത ഭവിച്ചിട്ടുള്ള കർമ്മല ഉത്തരീയ സ്വീകരണങ്ങൾ പുണ്യശ്ലോകനായ ൧൦-ാം പീയൂസ് മാർപ്പാപ്പാ സദയം വാസ്തവപ്പെടുത്തിയിട്ടുണ്ടു്. തന്നിമിത്തം പ്രസ്തുത തീയതിക്കു മുമ്പു ഈ ഉത്തരീയം ഏററിട്ടുള്ളവൎക്കു്, അവരുടെ ഉത്തരീയസ്വീകരണത്തിലും സഖ്യപ്രവേശനത്തിലും എന്തെല്ലാം ന്യൂനതകളുണ്ടായിരുന്നാലും, ഉത്തരീയത്തിന്നുള്ള സകല വരങ്ങളും ഫലങ്ങളും ലഭ്യമാകുന്നതാണു്.

---

# കത്തോലിക്കസഭാതിലകം.

(റവ. ജോൺ കിഴക്കേത്തയ്യിൽ, എസ്. ജെ.)

കത്തോലിക്കാസാമ്രാജ്യം പതിനാറാം നൂററാണ്ടിൽ പതിതമതസ്ഥരുടെ നാനാദൂഷണങ്ങൾക്കും, ഏഷണികൾക്കും പാത്രമായി അസഹനീയസങ്കടം അനുഭവിക്കുമ്പോൾ, വാചാബലം കൊണ്ടും രചനാശക്തികൊണ്ടും അവളെ ശത്രുകരങ്ങളിൽനിന്നും മോചനം ചെയ്തു കർദ്ദിനാൾ റോബർട്ടു ബല്ലർമിനെ നമ്മുടെ അമ്മയായ തിരുസഭ വേദപാരഗന്മാരുടെ ഗണത്തിൽ ചേർത്തിരിക്കു

ന്നതിനാൽ ഈ വന്ദ്യ പുരുഷോത്തമ
നെക്കുറിച്ച് അല്പമൊന്ന് അറിഞ്ഞിരി
ക്കുന്നതു് ആശാസ്യമാണല്ലോ.

ധനാഢ്യന്മാരും ശ്രേഷ്ഠവംശജന്മാ
രും ഉന്നതസ്ഥാനാർത്ഥികളുമായ പൂർവ്വിക
ന്മാരുടെ കുലത്തിൽ ൧൫൪൨-ൽ ജാത
നായ ബല്ലർമിനിൽ ബാല്യത്തിൽ ത
ന്നെ കാണപ്പെട്ട അസാധാരണലക്ഷണ
ങ്ങൾ തൻെറ ഭാവിജീവിതത്തെ വേണ്ട
വണ്ണം സ്ഥിരീകരിച്ചിരുന്നു. അഞ്ചു വ
യസ്സുള്ളപ്പോൾതന്നെ ബല്ലർമിൻ ദേ
വാലയത്തിൽനിന്നു തിരിച്ചുവരുന്ന ചി
ല സമയങ്ങളിൽ അടുത്തുള്ള മേശപ്പുറ
ത്തോ അൽമേരമുകളിലോ കയറി പ്ര
സംഗം നടത്തുക പതിവായിരുന്നു. ഇ
തോടൊന്നിച്ചുതന്നെ ഈ ബാലനിൽ പു
ണ്യവദ്ധനവിലുള്ള അതിയായ വാഞ്ഛ
യും പ്രത്യക്ഷപ്പെട്ടിരുന്നു. ഉറക്കമൊഴി
ഞ്ഞു പ്രാത്ഥിക്കുന്നതിലും ഉപവാസങ്ങ
ൾ അനുഷ്ഠിക്കുന്നതിലും ബല്ലർമിൻ
അനല്പമായ താല്പൎയ്യം കാണിച്ചുവന്നു.

ബാല്യത്തിൽതന്നെ ജസ്വീത്തരു
ടെ വിദ്യാലയത്തിൻ ചേൎന്നു പഠിത്തം
ആരംഭിച്ച ബല്ലർമിൻ പഠനവിഷയ
ത്തിൽ അത്യാസക്തി പ്രദർശിപ്പിച്ചിരു
ന്നു. ലത്തീൻ ഗ്രന്ഥകാരന്മാരായ സിസ
റോ, വേർജിൽ, പ്ലീനി, ഹോറസ് മുത
ലായവരുടെ കൃതികൾ ഈ ബാലനു ഹൃ
ദിസ്ഥമായിരുന്നു. ൧൮-ാമത്തെ വയസ്സി
ൽ ഈശോസഭയിൽചേൎന്നു തത്വശാസ്ത്ര
പഠനം ആരംഭിച്ചതോടുകൂടി പ്രകൃത്യാ
കൃശഗാത്രനും രോഗാർത്തനുമായിരുന്ന
ഇദ്ദേഹത്തിൻെറ ബുദ്ധിപ്രദർശനം അ
ദ്ധ്യാപകന്മാരെക്കൂടി അത്ഭുതപരതന്ത്ര
രാക്കിയിരുന്നു. അന്നു സകല തത്വശാ
സ്ത്രജ്ഞന്മാരും ബദ്ധശ്രദ്ധം പഠിക്കേണ്ടി
യിരുന്ന അറിസ്റ്റോട്ടലിൻെറ ഗ്രന്ഥങ്ങ
ൾ ബല്ലർമിൻ ഏററവും ക്ഷണത്തിൽ
നിഷ്പ്രയാസേന പഠിച്ചു തത്വശാസ്ത്ര
ത്തിൽ പൂൎണ്ണപരിജ്ഞാനം നേടി. ഇതി
നിടയിൽ അപ്പഴപ്പോൾ തനിക്കു ലഭി
ച്ചിരുന്ന അല്പസമയംകൊണ്ടു്, ഹീ
ബ്രു, ഗ്രീക്ക് മുതലായ ഭാഷകൾ കുലങ്ക
ഷമായി പഠിച്ചതുമല്ലാതെ അതേ ഭാഷ
കൾക്കു ചില വ്യാകരണങ്ങളും തയാറാ
ക്കി. തത്വശാസ്ത്രശേഷം, ദൈവികശാ
സ്ത്രം പഠിക്കുവാൻ ആരംഭിച്ചപ്പോഴും
ബല്ലർമിൻെറ അഗാധബുദ്ധി അതീവ
മായിരുന്നു. വി: തോമ്മസ് അക്വീനാസി
ൻെറ 'സുമ്മാ തിയളോജിക്കാ' (Summa
Theologica) എന്ന വിശിഷ്ടഗ്രന്ഥം ബ
ല്ലർമിനു മനഃപാഠമായിരുന്നു. ഈ വി
ധം ഇദ്ദേഹം പഠിക്കുവാൻ തുടങ്ങിയ
സകലവും പരിപൂൎണ്ണമായിതന്നെ പഠി
ച്ചുതീൎത്തുവന്നു.

വിദ്യാഭ്യാസത്തിൽ പ്രഥമഗണനീ
യനായിരുന്ന ഈ പുരുഷപുംഗവൻ പ്ര
സംഗത്തിലും അഗ്രഗണ്യനായിരുന്നു. ത
ത്വശാസ്ത്രംപഠിക്കുമ്പോൾ മേലധികാരി
കളുടെ പ്രത്യേകാനുമതിയാൽ ദേവാല
യത്തിൽ ഇദ്ദേഹം പ്രസംഗം നടത്തിവ
ന്നു. ഈ യുവവാഗ്മിയുടെ അഗാധജ്ഞാ
നപ്രദർശനവും, സരസലളിതമായ വാ
ചാലതയും ആസ്വദിച്ച സകലരും ഇദ്ദേ
ഹത്തെസൎവ്വാത്മനാ സ്തുതിച്ചുതുടങ്ങി. പ
ഠനാനന്തരം സൎവ്വകലാശാലകളിൽ അ
ദ്ധ്യാപകനായി പ്രസംഗിക്കുമ്പോഴും ഇ
ദ്ദേഹത്തിൻെറ അസാമാന്യബുദ്ധിശക്തി
യെ പ്രശംസിക്കാത്തവർ ആരുംതന്നെയു
ണ്ടായിരുന്നില്ല. ഇംഗ്ലണ്ട്, ജൎമ്മനി, ഫ്രാ
ൻസ്, ബൽജിയം മുതലായ രാജ്യങ്ങളി
ൽനിന്നും വിദ്യാർത്ഥികൾ ബല്ലർമി
ൻെറ പ്രസംഗം കേൾക്കുവാൻ ഓടിക്കൂ
ടിയിരുന്നു. ലൂവൈൻ, പാദുവാ മുതലാ
യ സൎവ്വകലാശാലകളിലും, തൻെറ അ
നിതരസാധാരണമായ ബുദ്ധിവൈഭവ
ത്തിൻെറയും, അത്ഭുതാവഹമായുള്ള വ
ചോധോരണിയുടെയും ഫലമായി സ
ൎവ്വപ്രശംസയ്ക്കും അദ്ദേഹം അർഹനായി
ത്തീൎന്നു. വൈദികനായ ശേഷം ത
ൎക്കശാസ്ത്രസംബന്ധമായി ബല്ലർമിൻ
നടത്തിയ വാദപ്രതിവാദങ്ങൾ എത്ര
യോ പതിതമതസ്ഥരെയാണ് മാനസാ
ന്തരപ്പെടുത്തിയതു്. പതിതമതദൂഷണ
വിദ്ധ്വംസനത്തിന്നായി പതിതരാജ്യ
ങ്ങളിൽ താനെ ചെന്നു തൎക്കം ചെയ്യു
വാൻ കൂടി ബല്ലർമിൻ ഒരുമ്പെട്ടു. ഈ
വിഷയത്തിലത്രെ പ്രത്യേകമായി അദ്ദേ
ഹത്തിൻെറ ഖ്യാതി സൎവ്വദേശങ്ങളി
ലും പ്രസിദ്ധമായിരിക്കുന്നതു്.

ബല്ലർമിൻ പഠനത്തിലും വാചാ
ലതയിലും പ്രത്യക്ഷപ്പെടുത്തിയ അ

മാനുഷികമായ ആസക്തിയിൽ അധികമായി രചനാബലത്തിൽ തന്റെ പാടവം പ്രദർശിപ്പിക്കുന്നുണ്ട്. ചെറുപ്പത്തിൽ തന്നെ ലത്തീൻ ഭാഷയിൽ ഗദ്യകൃതികളും, പദ്യശകലങ്ങളും എഴുതിത്തുടങ്ങിയ ഈ ദേഹം തന്റെ വൈദികപഠന ശേഷം തക്കസംബന്ധമായും, മതസംബന്ധമായും വിജ്ഞാനപ്രദങ്ങളായ വിഷയങ്ങളിൽ തന്റെ രചനാശക്തി വെളിപ്പെടുത്തിത്തുടങ്ങി. പതിതരുടെ ഭീഷണികളെയും കുയുക്തിവാദങ്ങളെയും ഛിന്നഭിന്നമാക്കുവാൻ ഇദ്ദേഹം രചിച്ച തക്കശാസ്ത്രസംബന്ധമായ ഗ്രന്ഥങ്ങൾ അനേകമാണ്. ഇവ പ്രസിദ്ധമായതോടുകൂടി പതിതർ തന്നെ, അജയ്യമായ ബല്ലർമിന്റെ യുക്തിപ്രദർശനങ്ങൾ നിഷേധിക്കുവാൻ പ്രത്യേക സംഘങ്ങൾ ഏല്പെടുത്തേണ്ടിവന്നു. എന്നാൽ ഫലം നാസ്തിയായിരുന്നു. ബല്ലർമിന്റെ വാദമുഖങ്ങൾ തകക്കുവാൻ അരയും തലയും മുറുക്കി ബദ്ധശ്രദ്ധം പരിശ്രമിച്ച പതിത നേതാക്കന്മാർ സൂര്യപ്രകാശത്തിൽ ഇരുട്ടുപോലെ ഒടുവിൽ വിരമിക്കേണ്ടിവന്നു. അപ്പഴപ്പോഴായി ബല്ലർമിൻ പ്രസിദ്ധപ്പെടുത്തിയ തക്കശാസ്ത്രപ്രസിദ്ധീകരണങ്ങൾ അജ്ഞാനാന്ധകാരബന്ധിതരായ അനേകം അന്ധവിശ്വാസികളെ അനശ്വരദീപമായ കത്തോലിക്കസഭയിലേക്കാനയിച്ചു. തക്കശാസ്ത്രസംബന്ധമല്ലാതെയും ബല്ലർമിൻ അനേക കൃതികൾ രചിച്ചിട്ടുണ്ട്. ഇവയിൽ, വേദോപദേശസംക്ഷേപം, മെത്രാന്മാരുടെ ചുമതലകൾ, ഈശോയുടെ കുരിശിൽ നിന്നുള്ള ഏഴ തിരുവാക്യങ്ങൾ മുതലായവ ചിലതു മാത്രമാണ്. ഏവംവിധം നാനാപ്രകാരത്തിലും തിരുസഭയ്ക്കു ഒരാപ്തമിത്രമായും, ഉത്തമസന്താനമായും പരിശ്രമം ചെയ്തു ബല്ലർമിനെ തിരുസിംഹാസനം കർദ്ദിനാൾപദത്തിലേക്കുയർത്തിയതു് അത്ഭുതമല്ലല്ലോ?

കർദ്ദിനാൾ ബല്ലർമിൻ തന്റെ ജീവിതകാലം മുഴവനും തിരുസഭയുടെ ഉന്നതിക്കായി ചെലവഴിച്ചു. തന്റെ ജീവിതകാലത്തു തിരുസ്സഭയിൽ നടന്ന സകലപ്രധാനസംഭവങ്ങളിലും അദ്ദേഹം ഭാഗഭാക്കായിരുന്നു. മാർപ്പാപ്പായുടെ പ്രത്യേക വേദശാസ്ത്രിയായും, ആലോചനക്കാരനായും, അനേക തിരുസംഘങ്ങളുടെ അംഗമായും,അദ്ധ്യക്ഷനായും, തിരുസഭയും ലൗകികശക്തികളും തമ്മിലുള്ള ഏടപാടുകളിൽ മദ്ധ്യസ്ഥനായും തിരുസഭയിൽ നിന്നുംതിരിഞ്ഞുപോയ നെസ്തോറിയൻകാർ,ഗ്രീക്കുകാർ മുതലായവരെ രമ്യപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധനായും, പിന്നെയും അനേകവിധത്തിലും ബല്ലർമിൻ സഭയ്ക്കും സഭാനേതാക്കന്മാക്കും വേണ്ടി ചെയ്തു നിരവധി ശ്രമങ്ങൾ ഈ ചെറുലേഖനത്തിൽ വിവരിക്കുവാൻ സാദ്ധ്യമല്ല. തന്റെ ജീവിതസമയത്തു ലോകത്തിൽ ഉണ്ടായിരുന്നവരിൽ പ്രഥമജ്ഞാനി ബല്ലാർമിൻ ആയിരുന്നുവെന്നു റോമാ തിരുസിംഹാസനംതന്നെ സാക്ഷിക്കുന്നു.അദ്ദേഹത്തെ മാർപ്പാപ്പായാക്കുന്നതിനുകൂടി അനേകർ ശ്രമിച്ചുവെങ്കിലും, തന്റെ എളിമയാലും ഈശോസഭാംഗം എന്ന പ്രതിബന്ധത്താലും ഒരുവിധം രക്ഷപെടുകയാണു ചെയ്തതു്.

എന്നാൽ ഈ ഉന്നതപദവികളിലെല്ലാം ഈ മഹാത്മാവിൽ തിളങ്ങിവിളങ്ങിയിരുന്ന വിവിധ പുണ്യങ്ങൾ പ്രശംസനീയവും മാതൃകായോഗ്യവുമായിരുന്നു. ദൈവമാതാവിനോടുള്ളഭക്തിയിലും ജ്ഞാനകാര്യങ്ങളിലുള്ള ആസക്തിയിലും അദ്ദേഹം സദാ മുൻപനായിരുന്നു. ഇതുപോലെ തന്നെ ഈ പുണ്യപുരുഷൻ തന്നെ തന്നെ ഏററം നിസ്സാരമായി ഗണിച്ച് അന്യവരെ വളരെ ബഹുമാനിച്ചുവന്നു. ആരെങ്കിലും തന്നെ സന്ദർശിക്കുവാൻ വന്നാലുടൻ, കർദ്ദിനാളായിരുന്നിട്ടും എഴുന്നേററു തൊപ്പിയെടുത്തു വണക്കം ചെയ്തു അവരെ ഇരുത്തുക പതിവായിരുന്നു.സഹോദരസ്നേഹത്തിലും ഈ വന്ദ്യദേഹംഅദ്വിതീയനായിരുന്നുവെന്നതിനുസംശയമില്ല. സാഹചര്യങ്ങൾകൊണ്ടുനികൃഷ്ടസ്ഥിതിയിൽജീവിച്ചിരുന്നഎത്രയോ സാധുജനങ്ങളെയാണ് വന്ദ്യൻ പരിപാലിച്ചുവന്നിരുന്നതു്! കാപ്പുവായിലെ മെത്രാപ്പോലീത്തായായിരിക്കുമ്പോൾ അരമനയിലെ സ്വന്ത വസ്തുക്കൾ തന്നെ വിററു ഈ പുണ്യപാദൻ സാധുസംരക്ഷണ ചെയ്തുവന്നു. ഈവിധം ഈ വ

ന്ദ്യപുരുഷനിൽ പ്രകാശിച്ചിരുന്ന ഗുണഗണങ്ങൾ ഓരോന്നോരോന്നായി വർണ്ണിക്കുവാൻ അസാദ്ധ്യമത്രെ.

ഇപ്രകാരം നാനാതര പുണ്യങ്ങളാലലംകൃതനായി, കത്തോലിക്കസഭയുടെ ഒരു ശാശ്വതതിലകമായി, അനന്യസാധാരണജ്ഞാനിയായി, അജയ്യതാർക്കികനായി, പതിതമതബോധകവിദ്ധ്വംസകനായി, സാധുസംരക്ഷണ സൽപിതാവായി സർവ്വജനസമ്മതനായി ജീവിച്ച കർദ്ദിനാൾ ബല്ലർമിൻ ൧൬൨൧ ഒക്ടോബർ ൧൭-ാംനു- ഇഹലോകവാസം വെടിഞ്ഞു. അതേദിനം തന്നെ ഇദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ച നാലു നവസന്യാസികൾ പൂർണ്ണസുഖം പ്രാപിച്ചതായി പറയപ്പെട്ടിരിക്കുന്നു. ഇന്നു ഇദ്ദേഹത്തിന്റെ നാമം വാഴ്ത്തപ്പെട്ടവരുടെ പട്ടികയിൽ ശോഭിച്ചു വിളങ്ങുന്നു.

# കുർബ്ബാന എന്ന ബലി.

(ശ്രീമാൻ വി. സി. ജോർജ്ജ് ബി. എ.)

II.

## വേദപുസ്തക സാക്ഷ്യങ്ങൾ.

തന്റെ നാമത്തിൻ മഹത്വത്തെ വിചാരിക്കാതെ പഴയ നിയമത്തിലെ ആചാര്യന്മാർ തനിക്കു ദൂഷിച്ച അപ്പം ബലി ചെയ്യതിനാലും ജനങ്ങളിൽ നിന്ദ്യമായ ആചാരങ്ങൾ ഉണ്ടായിരുന്നതിനാലും ദൈവം അവരുടെമേൽ കുപിതനായി മലാഖി ദീഘദർശി വഴിയായിട്ടു താഴെപ്പറയുന്ന നിശ്ചയത്തെ വെളിപ്പെടുത്തിയിരിക്കുന്നു. "നിങ്ങളിൽ വാതില്പുകളെ വെറുതെ പൂട്ടുന്നവൻ ആർ? നിങ്ങൾ എന്റെ ബലി പീഠത്തിന്മേൽ വെറുതെ അഗ്നി കൊളുത്തുന്നതുമില്ല. ഇനിക്കു നിങ്ങളിൽ ഇഷ്ടമില്ലെന്നു സൈന്യങ്ങളുടെ യഹോവാ പറയുന്നു. നിങ്ങളുടെ കൈയിൽ നിന്നുള്ള ഒരു വഴിപാടിനെ ഞാൻ കൈക്കൊള്ളുകയുമില്ല. എന്തുകൊണ്ടെന്നാൽ ആദിത്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെ എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകും. എല്ലാ സ്ഥലത്തിലും എന്റെ നാമത്തിനു ധൂപവും ശുദ്ധമുള്ള കാഴ്ചയും കഴിക്കപ്പെടും. എന്തെന്നാൽ എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകും. എന്നു സൈന്യങ്ങളുടെ യഹോവാ പറയുന്നു." (മലാഖി ൧.൧൦. ൧൧.)

ഇവിടെ പഴയ നിയമത്തിലെ സകല ബലികളേയും ഉപഹരിക്കത്തക്കതായി പറയുന്ന ബലി സാക്ഷാൽ യഥാർത്ഥമായ ഒന്നായിരിക്കണം. എന്നാൽ കുർബ്ബാന മാത്രം സാക്ഷാൽ യഥാർത്ഥമായ ബലിയാകകൊണ്ടു കുർബ്ബാനയെയാണു ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു. അല്ലെങ്കിൽ പിന്നേതിനെ കുറിച്ചാണു ദീഘദർശി പറയുന്നതു? അഹറോന്റെ പട്ടക്കാരാൽ ചെയ്യപ്പെട്ടവാനിരിക്കുന്ന വേറെ വല്ല ബലിയെക്കുറിച്ചായിരിക്കുമൊ? ഒരിക്കലുമല്ല. എന്തെന്നാൽ "ഇനിക്കു നിങ്ങളിൽ ഇഷ്ടമില്ല നിങ്ങളുടെ കൈയിൽ നിന്നുള്ള ഒരു വഴിപാടിനെ ഞാൻ കൈക്കൊള്ളുകയുമില്ല." എന്ന വാക്കുകൾ കൊണ്ടു ദൈവം അവരെ തീരെ ഉപേക്ഷിക്കുന്നു. പിന്നെ വല്ല ദേവതാർച്ചന ബലിയെ ഉദ്ദേശിച്ചായിരിക്കുമോ? കള്ള ദേവന്മാക്കു അല്ലെങ്കിൽ പിശാചുക്കൾക്കു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു ബലിയെ ദൈവം സ്വീകരിക്കുന്നതു അസാദ്ധ്യ

മാകകൊണ്ട് മലാഖി ദീഘദശി പറയുന്ന നിമ്മല ബലി അതായിരിപ്പാൻ പാടില്ല. എന്നാൽ ഇനി കുരിശിലെബലിയെക്കുറിച്ചായിരിക്കുമോ? അല്ല, അതു എല്ലാ സ്ഥലത്തും പുറജാതികളുടെ ഇടയിലും ചെയ്യപ്പെട്ടില്ല. പിന്നയോ ഒരിക്കൽ ഗാഗുൽത്തായിൽ വച്ച് മാത്രമേ സംഭവിച്ചൊള്ളു.

ഇനിയും പ്രാത്ഥന, ദാനം, ഉപവാസം ആദിയായ യഥാത്ഥങ്ങളല്ലാത്ത ബലികളെ കുറിച്ചാകുന്നു നിവ്യാ പറയുന്നതെന്ന് വരുമോ? അതുമല്ല. ഈ വക ബലികൾ ആദിമുതല്ക്കേ ഉണ്ടായിരുന്നതുകൊണ്ട് പുതിയ ഒന്നിനെ നിശ്ചയിക്കാതെ അഹറോനടുത്ത ബലികളെ നിറുത്തലാക്കിക്കൊണ്ട് ഇവയുടെ അഭ്യാസത്തെ ഊജ്ജിതത്തിൽ വരുത്തിയാൽ മതിയായിരിക്കുന്നു. കൂടാതെയും വേദപുസ്തകം എപ്പോഴെങ്കിലും ബലികളെക്കുറിച്ച് കേവലമായി പറയുമ്പോൾ അതു് യഥാത്ഥബലികളെ ഉദ്ദേശിച്ചാണെന്നും ഓമ്മിയ്ക്കേണ്ടിയിരിക്കുന്നു. അല്ലാത്തപ്പോഴൊക്കെ പ്രത്യേക അത്ഥത്തെ കാണിപ്പാൻ ചില വാക്കുകളെ കൂടി ഉപയോഗിയ്ക്കുന്നുണ്ട്. ഇതിൻപ്രകാരം സങ്കീത്തനത്തിൽ കൃതജ്ഞതാബലി, നീതിയുടെ ബലി, നിരാശ്രയമായ ഒരു ആത്മാവിൻെറ ബലി എന്നിങ്ങിനെ നാം വായിക്കുന്നു. ഇതിൻെറ ശേഷം നമ്മുടെ പാവപ്പെട്ട പ്രാത്ഥനകളും ദാനങ്ങളും, പ്രോട്ടസ്റ്റണ്ടുകാക്കില്ലാത്തതായ ഉപവാസങ്ങളുമാണ് സാക്ഷാൽ ദൈവം മാലാഖി ദീഘദശി വഴിയായിട്ട് പറയുന്ന ശ്രേഷ്ഠ നിമ്മല ബലികളെന്നു നമുക്ക് എങ്ങിനെ വിശ്വസിക്കാം.

ഇനിയും നമുക്ക് കുറഞ്ഞൊന്നുചിന്തിക്കാം. മാലാഖി പറയുന്ന യാഗം സാക്ഷാലുള്ള ഒരു യഥാത്ഥ ബലിയാകുന്നു. അതു് യഹൂദന്മാരുടെയോ വിഗ്രഹാരാധനക്കാരുടെയോ വല്ല ബലിയോ കുരിശിലെ സവ്വപ്രധാനമായ ബലിയോ അല്ലെന്നും നാം കണ്ടു്. ഇവ കൂടാതെ ലോകത്തിൽ കുബ്ബാന എന്ന ബലി മാത്രം ഉള്ളതുകൊണ്ട് അതു് ദിഘദശി പറയുന്ന ബലിയാണെന്നും, ആകയാൽ സാക്ഷാൽ യഥാത്ഥബലിയാണെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ദീഘദശനത്തിൽ പറയുന്ന സകല ലക്ഷണങ്ങളും അതിനു് യോജിക്കുന്നുണ്ട്. ദൈവത്തിൻെറ നിമ്മല കുഞ്ഞാട്ടിനെ അതിൽ യാഗം ചെയ്യുന്നതുകൊണ്ട് അതു് ഒരു നിമ്മലബലിയാകുന്നു. നിവ്യായുടെ കാലത്തിൽ പുറജാതിക്കാർ അല്ലെങ്കിൽ വ്യാജദേവാരാധകന്മാർ എന്നു വിളിക്കപ്പെട്ടിരുന്ന ജനങ്ങളുടെ ഇടയിൽ അതു് നടത്തപ്പെടുന്നുണ്ട്. അതു് ഉദയം മുതൽ അസ്തമനം വരെയും മനുഷ്യ വാസമുള്ള ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നും അണയ്ക്കപ്പെടുന്നു. യഥാത്ഥ ബലിയുടെ വിവരവും അതിനൊക്കുന്നുണ്ട. കുബ്ബാന സാക്ഷാൽ ബലിയാണെന്നു് പ്രസ്ഥാപിപ്പാൻ ഇതിലധികം എന്താണു് ആവശ്യമുള്ളതു്.

ഇനിയും സങ്കീത്തനക്കാരൻെറയും (സങ്കീത്തനം ൧൦൯-൪) വിശുദ്ധപൌലോസ് ശ്ലീഹായുടെയും (എബ്രായ ൭-൧൭) അഭിപ്രായപ്രകാരം ഈശോമ്ശിഹാ മേൽകിസെദേക്കിൻെറ മുറപ്രകാരമുള്ള നിത്യാചാൎയ്യനാകുന്നു. സവ്വോന്നതനായ ദൈവത്തിൻെറ ആചാൎയ്യനായിരുന്ന മേൽകിസെദേക്കു ദൈവത്തിനു് അപ്പത്തെയും വീഞ്ഞിനെയും കാഴ്ചവച്ചുകൊണ്ട ഒരു രക്തഹീനബലിയെ അണച്ചു. ആകയാൽ മ്ശിഹായും അപ്പത്തിൻെറയും വീഞ്ഞിൻെറയും സാധനത്തിൻകീഴ് ഒരു രക്തഹീനബലിയെ അണക്കേണ്ടിയിരിക്കുന്നു. എന്നാൽ താൻ "നിത്യാചാൎയ്യൻ" ആകകൊണ്ട് "എല്ലാ പട്ടക്കാരും പാപങ്ങൾക്കായി വഴിപാടുകളെയും ബലികളെയും കഴിപ്പാൻ ദൈവകാൎയ്യങ്ങളിൽ മനുഷ്യക്കുവേണ്ടിനിയമിക്കപ്പെടുന്നു" എന്നതുകൊണ്ടും (എബ്രായാ ൫-൧) ഈശോമിശിഹാ മേല്പറഞ്ഞ രക്തഹീനബലിയെ ലോകാവസാനം വരെ— അതായതു, ലോകത്തിൽ പാപികളായമനുഷ്യർ ഇല്ലാതാകുന്നതുവരെ— അൎപ്പിക്കേണ്ടിയിരിക്കുന്നു, മരിച്ചവരിൽ നിന്നുയിൎത്തു ജയസമേതം സ്വൎഗ്ഗത്തിൽ തൻെറ പിതാവിൻെറ വലത്തുഭാഗത്തു് ഇരുന്നുകൊണ്ട് ഈ മഹത്തരജോലി സ്വയമായി നിറ

വേറവുവാൻ പാടില്ലെന്നുകണ്ടാണ് അതു് അതിനായിട്ടു് തന്നാൽ പ്രത്യേകിച്ചു നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ മൂലം നിർവ്വഹിക്കാമെന്നു കരുതിയതു്. തൻമൂലം രക്തഹീനബലിയെ സ്ഥാപിച്ച ആ മാത്രയിൽ തന്നെ "എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" എന്ന വചനങ്ങളെക്കൊണ്ടു് ക്രിസ്തീയാചാര്യ സമുദായത്തെയും നിയമിച്ചിട്ടുണ്ടു്. ആകയാൽ കുർബാന എന്നബലി ഉള്ള കാലത്തോളം സത്യസഭയിൽ പട്ടക്കാരും ഉണ്ടായിരിക്കേണ്ടതാണു്.

(തുടരും.)

# സച്ചിന്താവലി.

(ക. നി. മൂ. സ. ബ. മാണിക്കത്തനാർ.)

വല്ലാത്തമോഹങ്ങളകററിടേണം
തെല്ലാകിലും ശേഷമിരുന്നിടാതെ
ചൊല്ലാൻ പുണ്യത്തിലിളക്കമേതു-
മില്ലാതെ ചിത്തംമരുവീടവേണം.

കോപംകലർന്നുള്ളനരന്നപാരം
ലോപംഭവിക്കുന്ന ധരാനിവാസം
താപംവളർക്കുന്നവിചാരഭാരം
രൂപംപകർത്തുന്നിതു വൃദ്ധതുല്യം.

ധനത്തിലത്യാശവളർന്നുവന്നാ-
ലനർത്ഥമംഗത്തിലസംഖ്യമുണ്ടാം
മനസ്സിലച്ചിന്തനിറഞ്ഞിടുമ്പോ-
ളനല്പഭൂരത്നകല്യനരകം.

ഹിരണ്യമോഹത്തൊടിരിപ്പതാരാ-
നരന്നുധർമ്മോദയമില്ലതെല്ലും
തിരഞ്ഞുതങ്കപ്പിറകെത്തുവോനോ
വിരണ്ടുതൻമൂലമവൻനശിക്കും.

മിന്നിത്തിളങ്ങും കനകം നിമിത്തം
മന്നിൽപ്പലക്കും ക്ഷയമുത്ഭവിപ്പൂ
ഉന്നിദ്രശോഭാവഹമാകമൂലം
മുന്നിട്ടുനാശത്തിനു മായിമൂലം.

ആരാത്മസംശുദ്ധതരക്ഷചെയ്‌വോ-
നാരാണുതങ്കപ്പിറകെത്തിടാത്തോൻ?
ആരാണുതാലംബനമാക്കിടാത്തോൻ?
പേരാളുമപ്പൂരുഷനാണുധന്യൻ.

# ഹന്നാൻ വെള്ളം.

(റവ. ഫാദർ അഗസ്റ്റീൻ ചങ്ങനാശ്ശേരി.)

വാസ്തവത്തിൽ, ക്രൈസ്തവ കത്തോലിക്ക മതത്തിൽ, ഉപയോഗംനിമിത്തം അതിസർവ്വസാധാരണവും,അജ്ഞതമൂലം അത്യന്തം അപരിചിതവുമായിട്ടുള്ള വേറൊന്നുണ്ടോ എന്നു വളരെ സംശയമാണു്. "ഹന്നാൻവെള്ളം" കൂടാതുള്ള ഒരു വൈദികകർമ്മവും, തിരുസഭയിൽ കാണ്മാൻ പ്രയാസം. "അനുഗ്രഹത്തിൻെറ വെള്ളം" അഥവാ "പാപവിമോചനജലം" എന്നുംമററും അപരനാമങ്ങൾ ഇതിനുണ്ടു്. പ്രകൃതിയിൽ വെള്ളത്തിനുള്ള സ്ഥാനം അന്യാദൃശമാണല്ലൊ. "ജീവനുള്ളജനത്തിന്നു്, ജീവനായതു ജീവനം. . . ." എന്നാണല്ലൊ പ്രമാണം. പ്രകൃത്യാതന്നെ ഇത്രഅമൂല്യമായ പ്രസ്തുത വസ്തുവിനോടു പ്രകൃത്യാതീതങ്ങളായ അനുഗ്രഹങ്ങളും കൂട്ടിച്ചേർക്കപ്പെട്ടപ്പോൾ ഇതിൻെറ ഗുണം ശ

തഗ്ഗുണീഭവിച്ചു. ലോകോത്ഭവത്തിൽത്തന്നെ ജലത്തിനു ഭൂഗോളത്തിന്റെ സിംഹഭാഗവും സ്രഷ്ടാവിനാൽ പ്രദാനംചെയ്യപ്പെട്ടിട്ടുള്ളതു് ഇതിന്റെ മാഹാത്മ്യത്തെ വിളിച്ചറിയിക്കുന്നു. ആകയാൽ ഹന്നാൻവെള്ളത്തിന്റെ ഉത്ഭവം, ഉപയോഗം, എന്നിവയെപ്പററി അല്പം വിചിന്തനംചെയ്യാം.

(എ) ഉത്ഭവം:— പുതിയനിയമത്തിലെ എല്ലാംതന്നെ പഴയനിയമത്തിൽ പരോക്ഷമായി പ്രതിബിംബിച്ചിരുന്നുവെന്നുള്ളതു് സുവിദിതമാണല്ലോ. അക്കൂട്ടത്തിൽ ഇതിനും ഒരു ഗണ്യമായ സ്ഥാനം നൽകപ്പെട്ടു. എലിസേവൂസ് പ്രവാചകൻ യെറിക്കോയിൽ സഞ്ചരിക്കയിൽ, തദ്ദിഗ്വാസികൾ അവിടത്തെ ഒരു നദിയിലെ വെള്ളം പാനയോഗ്യമല്ലെന്നും മററും ആവലാതിപ്പെട്ടതിനാൽ അവരോടു കുറെ ഉപ്പുകൊണ്ടുവരാൻ ആജ്ഞാപിക്കയും, അദ്ദേഹം അതു വെഞ്ചരിച്ചു്, (അനുഗ്രഹിച്ചു്) അതിൽ ഇടുകയുംചെയ്തു. തദ്വാരാ ആ നദീജലം നിർമ്മലമായിത്തീർന്നെന്നു മാത്രമല്ല തത്തൽപ്രദേശങ്ങൾ വളരെ ഫലപുഷ്ടിയുള്ളവയായുംകൂടി പരിണമിച്ചു. ഇന്നും പ്രസ്തുതനദി ആ പ്രവാചകവരന്റെ സ്മരണ ലോകസമക്ഷം പ്രഖ്യാപനംചെയ്യുന്നു. തദ്ദേശവാസികൾ അദ്ദേഹത്തെ അത്യധികം ഭക്തിസമേതം സ്മരിച്ചുവരുന്നു. (രാജാക്കൾ 4-2-21) യഥാർത്ഥത്തിൽ ഇതു നമ്മുടെ പ്രകൃതത്തിന്നൊരുദാഹരണംതന്നെ.

ഇതുപോലെയുള്ള ഉദാഹരണങ്ങൾ വിശുദ്ധ ലിഖിതത്തിൽ സുലഭങ്ങളെങ്കിലും വിസ്തരഭയത്താൽ ഒന്നുരണ്ടുമാത്രമേ ഉദ്ധരിക്കുന്നുള്ളു. നാമാൻ എന്ന കുഷ്ഠരോഗി എലിസേവൂസു നിവ്യായുടെ ആജ്ഞാനുസാരം യോർദ്ദിനാനിൽ പോയി ഏഴുതവണ കുളിച്ചു സുഖംപ്രാപിച്ചതും 'സിലോ' എന്ന കുളത്തിൽ ദൈവദൂതൻ വെള്ളം ഇളക്കിക്കഴിഞ്ഞിട്ടു് ആദ്യം ഇറങ്ങിക്കുളിച്ചിരുന്ന കുഷ്ഠരോഗികൾ സുഖംപ്രാപിച്ചിരുന്നതും ഹന്നാൻവെള്ളത്തിന്റെ സദൃശങ്ങൾ ആയിരുന്നു.

ദേവാലയ പ്രവേശനത്തിനു മുമ്പു കൈകാലുകൾ കഴുകണമെന്നുള്ളതു് യഹൂദർക്കു നിർബന്ധമായിരുന്നു. ഇതിനായി ദേവാലയങ്ങളുടെ പുരോഭാഗത്തു വിസ്തൃതങ്ങളായ കുളങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നു. ഇതു ബാഹ്യശുചിത്വത്തെയും, ദേവാലയഭക്തിയേയും അസ്പദീകരിച്ചു പ്രവർത്തിച്ചുവന്നതല്ലാതെ ആത്മികനിർമ്മലതയെ ലാക്കാക്കി നിർവ്വഹിച്ചിരുന്നതായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. (തുടരും)

"മാർഗ്രെററ് സിൻക്ലെയർ"

അഥവാ

# മറെറാരു ചെറുപുഷ്പം.

(ശ്രീമാൻ കുര്യാക്കോസ് കൊട്ടകാരം ബി. എ.

ഭാഗ്യസ്മരണാർഹനായ പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പരിശുദ്ധ ദിവ്യകാരുണ്യമായ അത്യനുഗ്രഹനിക്ഷേപത്തെ എല്ലാ കത്തോലിക്കാ ആത്മാക്കൾക്കുമായി തുറന്നുകൊടുക്കുകയും, പരിശുദ്ധമായ ആ ജീവദായകാമൃതു് പാനം ചെയ്യുന്നതിനു വിശ്വാസികൾക്കുനേരിട്ടിരുന്നപ്രതിബന്ധങ്ങളെ ഏറക്കുറെ ലഘൂകരിക്കുകയും ചെയ്തപ്പോൾ, ആ ദിവ്യകാരുണ്യനിക്ഷേപക്കാസായിൽനിന്നും പ്രവഹിക്കുന്ന അനുഗ്രഹാമൃതമാരി അസംഖ്യം കത്തോലിക്കാ ആത്മാക്കളെ പുണ്യസാംഗോപാംഗത്തിലേക്കാനയിക്കാൻ പര്യാപ്തമായിത്തീരു

മെന്നു ആ വിശുദ്ധദേഹം ന്യായമായി പ്രതീക്ഷിച്ചിരുന്നു. ആ പുണ്യാത്മാവിന്റെ പ്രതീക്ഷയുടെ വിശിഷ്ടഫലങ്ങളിൽ സർവ്വപ്രധാനമായ ഒരു സ്ഥാനത്തെയാണു് നമ്മുടെ കഥാനായിക അർഹിക്കുന്നതു്. "മർഗററു് സിൻക്ലെയർ" പരലോകപ്രാപ്തയായിട്ടു് ഇനിയും മൂന്നുവർഷം തികഞ്ഞിട്ടില്ലെങ്കിലും ആ വിശിഷ്ടപുഷ്പത്തിന്റെ സൌരഭ്യം ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇതിനകം എത്തിക്കഴിഞ്ഞിട്ടുണ്ടു്. മർഗററിനെ ഭാഗ്യവതി എന്നു വിളിക്കുന്നതിനുള്ള പ്രാരംഭചടങ്ങുകൾ റോമ്മയിൽ ആരംഭിച്ചിരിക്കുന്നതായി പല ഇംഗ്ലീഷ് പത്രങ്ങളും പ്രസ്താവിച്ചുകാണുന്നു. ആ ബാലികാരത്നത്തിന്റെ ജീവചരിത്രം ഏവർക്കും മാധുര്യമേറിയതായിത്തീർന്നിരിക്കുന്നു. "ഹെർഡർജക്കു" കമ്പനിക്കാരാൽ ഈയ്യിടെ പ്രസിദ്ധപ്പെടുത്തപ്പെട്ട ജീവചരിത്രപുസ്തകപ്രതികൾ ഒന്നാം പതിപ്പു മുഴുവൻ ചുരുങ്ങിയ സമയത്തിനിടക്കു് ചെലവായിക്കഴിഞ്ഞിരിക്കുന്നു. മാർഗ്രററിനെപ്പററി രസാവഹങ്ങളായലേഖനങ്ങളും കുറിപ്പുകളും ഇംഗ്ലീഷ് അമേരിക്കൻ പത്രങ്ങളിൽ തുടരെത്തുടരെ പ്രസിദ്ധപ്പെടുത്തിക്കൊണ്ടാണിരിക്കുന്നതു്. ഒരുപക്ഷേ, താമസംവിനാ, വിശുദ്ധ കൊച്ചുത്രേസ്യായേപ്പോലെ മാർഗ്രററും ഒരു വിശുദ്ധയുടെ കിരീടം ധരിച്ചിരിക്കുന്നതായി തിരുസഭ പ്രഖ്യാപനം ചെയ്യാൻ ഇടയുള്ളതാണു്.

മാർഗററു് സുപ്രസിദ്ധമായ "എഡിൻബറോ" പട്ടണത്തിൽ കേവലം നിർദ്ധനരായ മാതാപിതാക്കന്മാരിൽനിന്നും ജാതയായി. (മാർഗ്രററിന്റെ ജീവചരിത്രപുസ്തകത്തിന്റെ പ്രതിക്കായി കമ്പനിക്കാർക്കെഴുതിയിരുന്നെങ്കിലും കിട്ടാതെവന്നതിനാൽ പൂർണ്ണമായ ഒരു വിവരണത്തിനു തൽക്കാലം തരപ്പെടാത്തതിൽ വ്യസനിക്കുന്നു.) ബാല്യകാലം മുതൽതന്നെ മാതാപിതാക്കന്മാരോടൊരുമിച്ചു കൂലിവേല ചെയ്യുന്നതിനും തദ്വാരാ നിത്യവൃത്തി കഴിച്ചുകൂട്ടുന്നതിനും നിർബന്ധിതയായിത്തീർന്നു. സ്വഭവനപരിസരപ്രദേശങ്ങളിലും, വേലസ്ഥലത്തും വച്ചു് അവൾക്കു പരിചയപ്പെട്ട മററു സഖികൾ ഒന്നൊഴിയാതെ എല്ലാവരുംതന്നെ അസാന്മാർഗ്ഗികമായ ജീവിതം കഴിച്ചിരുന്നെങ്കിലും, അനിതരസാധാരണമായ രൂപലാവണ്യത്തിനിരിപ്പിടമായിരുന്ന നമ്മുടെകഥാനായിക, അവളുടെ ആത്മാവിനെ സദാ പരിശുദ്ധമായ ഒരു സ്ഥിതിയിലാണു് സൂക്ഷിച്ചുവന്നിരുന്നതു്. അവളുടെ മുഖത്തു സദാ കളിയാടിക്കൊണ്ടിരുന്ന മന്ദസ്മിതം ഒരുപക്ഷേ ആത്മീകപ്രകാശത്തിന്റെ ഒരു പ്രതിബിംബം മാത്രമായിരുന്നെന്നു് ഊഹിക്കാം.

മാർഗററിന്റെ പരിശുദ്ധജീവിതരഹസ്യം അടങ്ങിയിരിക്കുന്നതു് വിശുദ്ധ കുർബാനയോടുള്ള ഭക്തിയിലും സ്നേഹത്തിലുമാണു്. ബാല്യം മുതൽ തന്നെ വിശുദ്ധ കുർബാനയ്ക്കു വിസീത്തകൾ കഴിക്കുന്നതിൽ അവൾ പ്രത്യേക ശുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നു. കളിവിനോദങ്ങളിൽ അതിയായ താല്പര്യം അവൾക്കുണ്ടായിരുന്നെങ്കിലും, പ്രസ്തുതാവസരങ്ങളിൽ അല്പനേരത്തേക്കു സമീപത്തുള്ള ദേവാലയത്തിലേക്കു് ഓടിയെത്തുന്നതിനും, സ്നേഹത്തിന്റെ കൂദാശയിൽ കാരാഗൃഹവാസിയായി സക്രാരിയിൽ വസിക്കുന്ന ദിവ്യരക്ഷനാഥനെ സന്ദർശിക്കുന്നതിനും അവൾ പ്രത്യേക ശ്രദ്ധയുള്ളവളായിരുന്നു. അവളുടെ ആദ്യകുർബാന സ്വീകരണത്തിനുശേഷം, വിശുദ്ധകുർബാനയുടെ നേർക്കുള്ള സ്നേഹം പൂർവ്വാധികം വർദ്ധിച്ചു. ദിവസത്തിൽ, പല പ്രാവശ്യം ജോലിസ്ഥലത്തുനിന്നു ഒഴിവുകിട്ടുമ്പോഴൊക്കയും വിസീത്ത കഴിക്കുകയെന്നുള്ളതു ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒരു കടമയായിട്ടവൾ കരുതി വന്നിരുന്നു. ചെറുപ്പകാലത്തുതന്നെ, "വി. കുർബാനയുടെ മണവാട്ടികൾ" എന്ന സംഘത്തിലെ ഒരംഗമായി ചേരുകയും പ്രസ്തുതസംഘനിയമങ്ങളെ മരണം വരെയും വളരെ കണിശമായി ആചരിച്ചു വർത്തിച്ചുവരികയും ചെയ്തു. അവളുടെ ദിനചര്യ ആരംഭിക്കുന്നതു്. 'ദിവ്യപൂജ കാണുക', 'വിശുദ്ധ കുർബാന സ്വീകരണം' എന്നിതുകളാലായിരുന്നു. ദിവ്യകാരുണ്യസ്വീകരണശേഷം അവൾ അത്യഗാധമായി പ്രാർത്ഥന

യിൽ ലയിച്ചിരുന്നതുനിമിത്തം, ദിവ്യപൂജയുടെ അവസാനഘട്ടത്തിൽ വിശ്വാസികൾ എഴുന്നേററുനില്ക്കുന്നത് അവൾ പലപ്പോഴും അറിയുകയുണ്ടായിരുന്നില്ല. ഉച്ചഭക്ഷണത്തിനായുള്ള വിശ്രമസമയത്ത് അരമണിക്കൂർ നേരത്തേക്കു അവൾ ദേവാലയത്തിൽ പോയി വിസീത്ത കഴിച്ചിരുന്നു. അപ്രകാരംതന്നെ വേലയ്ക്കുശേഷം സന്ധ്യയോടുകൂടി ദേവാലയത്തിൽ ചെന്ന് ദിവ്യരക്ഷകനുമായുള്ള അവളുടെ സ്നേഹബന്ധത്തെ ദൃഢീകരിക്കാതെ അവൾ നിദ്രയ്ക്കണയുക പതിവുണ്ടായിരുന്നില്ല.

സൌശീല്യയായ മർഗററുറ് അവളുടെ സഖികളുടെയിടയിൽ ഒരു യഥാർത്ഥ 'മിഷ്യനറി'തന്നെയായിരുന്നുവെന്നു പറയാം. അനുദിനദിവ്യകാരുണ്യസ്വീകരണത്തിനായി തൻെറ സഖികളെ അവൾ പ്രോത്സാഹിപ്പിച്ചുവന്നിരുന്നു. അവക്ക് പ്രസ്തുത സൽകൃത്യത്തിനു മടി തോന്നുമ്പോഴൊക്കയും "നിങ്ങൾ ഒരിക്കൽ പരിക്ഷിച്ചുനോക്കുവിൻ; പിന്നീട്ട് നിങ്ങൾ ഒരിക്കലും ഈ പതിവിനെ ഉപേക്ഷിക്കയില്ല— നിശ്ചയം" എന്നു പറഞ്ഞുകൊണ്ടും അവക്ക് മററു സദുപദേശങ്ങളെ നൽകിക്കൊണ്ടും സ്നേഹഭാവത്തിൽ മർഗററ് അവരെ നിർബന്ധിക്കുന്ന കാഴ്ച പലരേയും ആശ്ചര്യപരതന്ത്രരാക്കിത്തീർത്തിട്ടുണ്ട്. മർഗററ് എവരുടേയും കണ്ണിലുണ്ണിയായി പ്രശോഭിച്ചിരുന്നു. സൌമ്യമായ അവളുടെ സ്വരൂപം ആക്കും വിസ്മരിക്കാൻ പാടുള്ളതല്ല. പ്രസന്നമായ മുഖം, അഭിവാദ്യങ്ങളെ ആദരവൂവ്വം സ്വീകരിക്കുന്ന സ്വേരവിനീതമായ ഭാവം, അവളിൽ വിളങ്ങി പ്രകാശിച്ചിരുന്ന നിഷ്കാപട്യം, പരമാർത്ഥത, എളിമ, ക്ഷമ, സത്യസന്ധത, മാധുര്യം, ത്യാഗശീലം മുതലായവ അവളെ സകലക്കും ഒരു ഹൃദാകർഷണീയപാത്രമാക്കിച്ചമച്ചിരുന്നു. അമാനുഷികമായ ഏതോ ഒരു ശക്തി അവളിൽ എപ്പോഴും കളിയാടിക്കൊണ്ടിരുന്നതായി ഏതെങ്കിലും വിധത്തിൽ പരിചയപ്പെടാനിടയായവക്കൊക്കെ അനുഭവപ്പെട്ടിരുന്നു. മർഗററിനെ അനുകരിക്കുന്നതിനും, അവളെ ഹൃദയത്തിനടുത്തവിധത്തിൽ സ്നേഹിക്കുന്നതിനും ഒട്ടേറെ യുവതീരത്നങ്ങൾ സന്നദ്ധരായിരുന്നുവെന്നുള്ളത് അവളുടെ ഗുണഗണങ്ങളെയല്ലാതെ മറെറന്തിനെയാണു വിളിച്ചറിയിക്കുന്നത്?

മാഗ്രററിൻെറ ജീവിതഘട്ടത്തിൽ വിസ്മയനീയമായ ഒരു സംഭവം നടക്കുകയുണ്ടായി. ഒരിക്കൽ അവൾ ദേവാലയത്തിലേക്കു പോംകുംമദ്ധ്യേ മതാനുഷ്ഠാനത്തിൽ വിരക്തി പ്രദശിപ്പിച്ചിരുന്നവനും, അസന്മാർഗ്ഗികമായ ഒരു ജീവിതം നയിച്ചിരുന്നവനുമായ ഒരു ബാലനെ കണ്ടുമുട്ടുകയുണ്ടായി. ആ ബാലനുമായി മതസംബന്ധമായ കാഴ്ചത്തേപ്പററി ഒരു മണിക്കൂർനേരത്തേക്കു സംഭാഷണം നടത്തിയതിൻെറ ഫലമായി അവനെ "വിശുദ്ധകുർബാനയുടെ യോദ്ധാക്കൾ" എന്ന സംഘത്തിലെ ഒരംഗമായി ചേക്കുന്നതിനു അവൾക്കു സാധിച്ചു. ഈ സംഭവാനന്തരം അവർ ഇരുവരും തമ്മിൽ യഥാർത്ഥമായി സ്നേഹിച്ചിരുന്നു. എന്നാൽ കാലാന്തരത്തിൽ, തന്നെ വിവാഹം കഴിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം ആ ബാലനിൽ കടന്നു കൂടിയെന്നു മർഗററിനു മനസ്സിലായ വിനാഴിക മുതൽ ആ ബാലനോടുണ്ടായിരുന്ന അവളുടെ സ്നേഹം ക്രമേണ ക്ഷയിച്ചുതുടങ്ങുകയാണുണ്ടായത്.

മർഗ്രററ് എഡിൻബറോയിൽ നിന്നും ലണ്ടൻ പട്ടണത്തിലേക്കു മാറിത്താമസിക്കുന്നതായിട്ടാണ് അടുത്തതായി അവളേപ്പററി നമുക്കറിവുള്ളത്. അവിടെയെത്തിയശേഷം അവൾ ക്ലാരസഭക്കാരുടെ ഒരു ആശ്രമത്തിൽ പ്രവേശിച്ചു. എന്നാൽ ഒരു ആശ്രമവാസിയെന്നുള്ള നിലയിൽ അവളുടെ ജീവിതം അധികനാളത്തേക്കു നിലനിന്നില്ല; ഈ വിശിഷ്ടപുഷ്പത്തെ താമസിയാതെ തന്നെ സ്വർഗ്ഗീയ പൂന്തോട്ടത്തിലേക്കായി പറിച്ചെടുക്കുന്നതിനത്രെ സവ്വശക്തൻ തിരുമനസ്സായത്. അവളുടെ മരണശയ്യക്കു സമീപത്തു സന്നിഹിതരായിരിക്കാൻ ഭാഗ്യം സിദ്ധിച്ചവരെല്ലാം അവളുടെ അത്ഭുതമരണത്തേപ്പററി സന്തോഷിക്കുന്നു. ജീവിതകാലത്തിൽ അവളുടെ സൽപ്രവൃത്തികളാകുന്ന രത്നങ്ങളാൽ നി

മ്മിതമായ ശൃംഖലയുടെ അവസാനക്കണ്ണി മരണസമയത്താണ് അവൾ ഘടിപ്പിച്ചത്. അന്ത്യ യാത്രപറവാനുള്ള അവസരം വന്നപ്പോൾ ദിവ്യമായ ഒരു പ്രകാശവും, ഹൃദയാകർഷകമായ ഒരു പുഞ്ചിരിയും അവളുടെ മുഖത്തു കളിയാടിക്കൊണ്ടിരുന്നു. അസഹനീയമായ വേദന അവൾക്ക് ആസമയത്തുണ്ടായിരുന്നെങ്കിലും, ആയതിനെ തനിക്കു യാത്രയാക്കിയദൈവത്തിനുസ്തുതിപറഞ്ഞുകൊണ്ടും അവളുടെ വിശ്വാസത്തെ പലരുടേയും മുമ്പാകെവച്ച് അവൾ സ്ഥിരീകരിച്ചുകൊണ്ടും മററുള്ളവർക്ക് ഒരു മാതൃകയെ കാണിച്ചുകൊടുക്കുകയത്രേ ചെയ്തത്. "കുരിശിൽ തൂങ്ങി നമുക്കായി മരിച്ച ഈശോയെ നാം അനുഗമിക്കേണ്ടതു കുരിശുകളായ സങ്കടങ്ങളെ സസന്തോഷം സഹിച്ചുകൊണ്ടുവേണം"മെന്ന് അവൾ പലപ്പോഴും പറഞ്ഞുവന്നിരുന്നതു മരണാവസരത്തിൽ വിശേഷവിധിയായി ദൃഷ്ടാന്തസഹിതം കാണിച്ചുകൊടുത്തു. അവളുടെ മരണശയ്യക്കടുത്തുനിന്നിരുന്ന ഒരു സഖിയോട്, ദിവ്യരക്ഷനാഥൻ അവൾക്കു കാണപ്പെട്ടു ഹൃദയസമാധാനത്തെ നൽകിയിരിക്കുന്നുവെന്നു അവൾ പ്രസ്താവിച്ചതായും പറയപ്പെടുന്നു. എന്തിന്, ഭാഗ്യവതിയായ മർഗററു് സിൻക്ലെയർ ഭാഗ്യമായ ഒരു മരണത്താൽ സൌഭാഗ്യമായ മറെറാരു ജീവിതത്തിനായി ഇഹത്തോടു യാത്രപറഞ്ഞു പിരിഞ്ഞുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. "ഉണ്ണിയീശോയുടെ ചെറുപുഷ്പ"മായ വി. കൊച്ചുത്രേസ്യായേപ്പോലെ മർഗററു സിൻക്ലെയറും "മറെറാരു ചെറുപുഷ്പമായി"— ഈശോയുടെ ചെറുപുഷ്പമെന്നു"— കരുതപ്പെടുവാൻ കത്തോലിക്കാതിരുസഭവഴിയായി ദിവ്യകാരുണ്യ ഈശോ ഇടയാക്കുമെന്ന് നമുക്കാശിക്കാം.

# സാലേസു പുണ്യവാൻെറ ക്ഷമാശീലം.

ഇക്കാലത്ത് സാലേസു പുണ്യവാൻെറ നാമം ക്ഷമാശീലത്തിൻെറയും, ശാന്തതയുടെയും ഒരുപര്യായമായിത്തീർന്നിരിക്കുകയാണല്ലോ. ജന്മനാ കോപിയായിരുന്ന ഒരാൾ സൌമ്യശീലത്തിൻെറ ഉത്തമാദർശമായി ഇന്നു പരിലസിക്കുന്നതിൻെറ രഹസ്യം എന്തായിരിക്കാം? തൻെറ സ്വഭാവവൈകല്യത്തെ മനസ്സിലാക്കിയ ആ ക്ഷണംമുതൽ വി. ഫ്രാൻസീസ് ആ പോരായ്മയെ പരിഹരിക്കുന്നതിനായി അതീവയത്നം ചെയ്തു. അദ്ദേഹത്തിൻെറ ജീവചരിത്രത്തിലെ പല ഘട്ടങ്ങളിലും ഈ ദമശക്തി നാം കാണുന്നുണ്ട്. എന്നാൽ പാദ്വാ സർവ്വകലാശാലയിൽനിന്നു നിയമപഠനംകഴിഞ്ഞു ഉന്നതബിരുദങ്ങളോടുകൂടെ തിരിച്ചുവരുന്ന യാത്രയിൽ ഉണ്ടായ ഒരു സംഭവം നമ്മുടെ ശ്രദ്ധക്കു പ്രത്യേകം വിഷയീഭവിക്കേണ്ട ഒന്നാണ്.

ഫ്രാൻസീസും, അദ്ദേഹത്തിൻെറ മേൽനോട്ടം വഹിച്ചിരുന്ന ഉപാദ്ധ്യായനുംകൂടെ കറേറാലിക്കായിൽനിന്നും വെനീസിലേക്കു ബോട്ടുകയറി. ബോട്ടു കരയിൽനിന്നും അധികം അകലെയല്ലാതെയാണു സഞ്ചരിച്ചിരുന്നത്. യാത്രാമദ്ധ്യേ പ.രി. കന്യകയുടെ ഒരു കപ്പേള അവർക്കു ദൃശ്യമായി. യാത്രക്കാരിൽ ചിലർ, അതിൻെറ ചരിത്രത്തെപ്പററി രസാവഹങ്ങളായ പല കഥകളും, സംഭവങ്ങളും പറയുവാൻ ആരംഭിച്ചു. മരിയഭക്തിയിൽ അഗ്രേസരനായിരുന്ന ഫ്രാ

ൻസീസിനു് ഈ സംഭാഷണം അത്യധികം ആനന്ദം ഉളവാക്കി. സംഭാഷണത്തിൽ ഉററു ശ്രദ്ധിച്ചിരുന്ന ഈ അവസരത്തിൽ, അമരക്കാരൻെറ സൂക്ഷ്മക്കുറവുമൂലം ഫ്റാൻസിസിൻെറ തൊപ്പി എങ്ങിനെയോ വെള്ളത്തിൽ പോയി. ഫ്റാൻസിസിൻെറ ഉപാദ്ധ്യായൻ അമരക്കാരനെ ശാസിക്കുവാൻ ആരംഭിച്ചു. ഫ്റാൻസീസാകട്ടെ ഉടനെ അവനുവേണ്ടി മാദ്ധ്യസ്ഥംപറഞ്ഞു. തൊപ്പി പോയതു തൻെറ അശ്രദ്ധ നിമിത്തമാണെന്നും, അതിനാൽ അമരക്കാരനെ വെറുതേ ശാസിക്കരുതെന്നും ഫ്രാൻസീസ് അപേക്ഷിച്ചു. ഇതുകേട്ടപ്പോൾ ഉപാദ്ധ്യായൻെറ ദേഷ്യം ഫ്റാൻസീസിൻെറ നേൎക്കായി. "കുററം ചെയ്ത ആൾ ശിക്ഷ അനുഭവിക്കേണ്ടതു ആവശ്യമാണു്. അതിനാൽ തണുപ്പിൽനിന്നു് എങ്ങിനെയെങ്കിലും രക്ഷപെട്ടുകൊൾക" ഫ്റാൻസീസു യാതൊരു മറുപടിയുംപറഞ്ഞില്ല. വേറെ തൊപ്പിയില്ലാഞ്ഞതിനാൽ രാത്രിസമയത്തു ധരിക്കേണ്ട തൊപ്പിയും ധരിച്ചു യാത്രതുടൎന്നു. ഇപ്രകാരം തൊപ്പി മാറി ധരിക്കുന്നതു് നാം ഒരു പക്ഷെ അവമാനകരമായി ഗണിക്കുകയില്ലായിരിക്കാം. എന്നാൽ പാശ്ചാത്യരാജ്യക്കാരുടെ വസ്ത്രധാരണനിയമത്തിലും, സാമൂഹ്യാചാരത്തിലും ഇപ്രകാരമുള്ള ഒരു വ്യതിയാനം സാക്ഷാൽ ആക്ഷേപാർഹമായിട്ടാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. മാത്രമല്ല ഫ്രാൻസീസ്സ് ഒരു പ്രഭുവംശജനും കൂടിയായിരുന്നതിനാൽ ഈ വസ്ത്രധാരണരീതി തീരെ ഗൎഹണീയമായിരുന്നു.

ചിയോസായിൽ അടുത്തപ്പോൾ വാദ്ധ്യാർ തനിക്കു് ഒരു പുതിയ തൊപ്പി വാങ്ങിത്തരുമെന്നു ഫ്റാൻസീസു വിചാരിച്ചു. എന്നാൽ ഈ വിചാരം കേവലം അസ്ഥാനത്തായിത്തീൎന്നു. തൻെറ ശിഷ്യൻെറ ക്ഷമയേയും എളിമയേയും പരീക്ഷിക്കുന്നതിനായിരിക്കാം, അദ്ദേഹം, ഫ്റാൻസിസിനെ ജനബാഹുല്യമുള്ള ആ പട്ടണത്തിൽക്കൂടെ ആ വേഷത്തിൽ തന്നെ നടത്തിക്കൊണ്ടുപോകയാണുചെയ്തതു്. വെനീസിൽ അടുത്തപ്പോൾ ഫ്റാൻസിസിനു തൊപ്പി വാങ്ങിക്കുവാൻ ഉപാദ്ധ്യായൻ അനുവദിച്ചു. എന്നാൽ ഫ്റാൻസീസ്തന്നെ അതു പോയി വാങ്ങേണ്ടിയിരുന്നു. രാത്രികാലത്തുമാത്രം ധരിക്കേണ്ട തൊപ്പികൊണ്ടു ശിരസ്സും അലങ്കരിച്ചു ആപണവീഥിയിൽ കൂടെ നടന്നുചെന്ന അഭിനവമാന്യനെ കണ്ടപ്പോൾ പട്ടണവാസികൾ പരിഹാസാട്ടഹാസങ്ങൾ മുഴക്കി. അങ്ങാടിപ്പിള്ളേർ കൂകിവിളിച്ചു. പ്രഭുവംശജനും പണ്ഡിതനുമായ ഒരാൾക്കു് ഇതെത്രമാത്രം സന്തോഷപ്രദമായിരിക്കുമെന്നുള്ളതു് ഊഹ്യമാണല്ലൊ. എന്നാൽ ഫ്റാൻസീസ് സാലേസിൻെറ മുഖത്തു് യാതൊരുവക വികാരങ്ങളും പ്രത്യക്ഷപ്പെട്ടില്ല. പ്രസന്നവദനനായി, പ്രശാന്തഗംഭീരനായി, അദ്ദേഹം തൊപ്പിയുംവാങ്ങി തിരികെപ്പോന്നു. സാലേസുപുണ്യവാൻെറ ആത്മദമനത്തിൻെറയും, ക്ഷമാശീലത്തിൻെറയും പരിമാണം എന്തുമാത്രമായിരുന്നുവെന്നു നമുക്കു ഈ സംഭവത്തിൽനിന്നു മനസ്സിലാക്കാം. ഇപ്രകാരമുള്ള നിരന്തരമായ സ്വയപരിത്യാഗത്തിൻെറയും, ആത്മദമനത്തിൻെറയുംഫലമായിട്ടാണു വി. ഫ്റാൻസിസു സാലേസ്സ് ഇന്നു ശാന്തതയുടെ ഉത്തമാദൎശമായി പരിലസിക്കുന്നതു്. 'The Devout Life,' 'Consoling Thoughts' മുതലായ മനോഹരകൃതികളിൽ സാലേസുപുണ്യവാൻെറ മാധുൎയ്യമേറിയ ശാന്തശീലം പ്രശാന്തമായി പ്രവഹിക്കുന്നുഎന്നു്, ആ മനോഹരകൃതികൾ ഒരുപ്രാവശ്യമെങ്കിലും- വായിച്ചിട്ടുള്ളവരോടു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലതന്നെ.

# ഒരു കുഞ്ഞുപ്രേഷിത.

ഒരു വാസ്തവ കഥ.

ഒരു ദിവസം വൈകുന്നേരം, ഒരു സ്ത്രീ അവളുടെ ഋങ്ങപ്പെട്ട രൂപത്തിൻ മുമ്പാകെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവളുടെ നയനങ്ങളിൽനിന്നു ബാഷ്പകണങ്ങൾ ധാരധാരയായി ചൊരിഞ്ഞുകൊണ്ടിരുന്നു. ആ സമയത്തു് അവിടെക്കടന്നുചെന്ന അവളുടെ ഓമനമകൾ തന്റെ അമ്മയുടെ സ്ഥിതി കണ്ടു് അമ്പരന്നുപോയി. അവൾ വേഗം ഓടിച്ചെന്നു് തന്റെ കരങ്ങളെ അമ്മയുടെ കഴുത്തിൽ ഇട്ടുകൊണ്ടു് ചോദിച്ചു "പ്രിയ അമ്മേ! അമ്മ വളരെ ദുഃഖമനുഭവിക്കുന്നല്ലോ. അമ്മ എന്തിനാണു് ഇപ്രകാരം കരയുന്നതു്" "നീ നിന്റെ സഹോദരനുവേണ്ടി പ്രാർത്ഥിക്കുക." ആ സ്ത്രീ പറഞ്ഞു. എന്റെ സഹോദരൻ അമ്മയേ സ്നേഹിക്കുന്നില്ലായിരിക്കുമോഎന്നു ആ കുട്ടി വീണ്ടും ചോദിച്ചു. അതിനു് അവളുടെ അമ്മ ഇപ്രകാരം പറഞ്ഞു. "അവൻ എന്നെ സ്നേഹിക്കുന്നുണ്ടു്; അതു് തീർച്ചയാണു്. എന്നാൽ അവൻ ദൈവത്തെ സ്നേഹിക്കുന്നില്ല. എന്റെ ഓമനക്കുഞ്ഞേ; ദൈവസ്നേഹം ഒരു ഹൃദയത്തിലില്ലാതാകുന്നക്ഷണംമുതൽ ആ ഹൃദയത്തിൽനിന്നു കുടുംബസ്നേഹം, ചുമതല ബോധം ഇതുകളെല്ലാം നിഷ്കാസിതങ്ങളാകുന്നു." അമ്മയുടെ ഈ മറുപടി കേട്ടതിന്റെ ശേഷം, അവൾ തനിയെ ഒരു മുറിയിൽ ചെന്നിരുന്നു് അധികനേരം പ്രാർത്ഥിച്ചു. അടുത്തദിവസം 'വിനീത പ്രേഷിതർ' എന്നഗ്രന്ഥം ആ കുട്ടി വായിക്കുവാൻ ഇടയായി. അതിലെ ഓരോ അദ്ധ്യായങ്ങളും പ്രേഷിതവൃത്തിയുടെ മാഹാത്മ്യത്തെ അവളെ നല്ലവണ്ണം മനസ്സിലാക്കി. എഴുത്തുസാമഗ്രികൾ എടുത്തു് അവൾതന്റെ സഹോദരനു ഇപ്രകാരം ഒരു കത്തെഴുതി:— ഇന്നു വൈകുന്നേരം താഴെക്കാണുന്ന ചോദ്യങ്ങൾക്കെല്ലാം എന്റെ സഹോദരൻ മറുപടി അയക്കണമെന്നു് അപേക്ഷിക്കുന്നു.

തന്റെ സഹോദരിയെ അത്യധികം സ്നേഹിക്കുന്ന എന്റെ സഹോദരൻ— സഹോദരിയുടെ ആവശ്യങ്ങളെ ചോദിക്കാതെതന്നെ അറിഞ്ഞു ചെയ്തുകൊടുക്കുന്ന എന്റെ സഹോദരൻ എന്തുകൊണ്ടു് ദൈവത്തെ ഇത്രവേഗം മറക്കുന്നു, വെറുക്കുന്നു? വാത്സല്യമേറിയ മാതാവിന്റെ സാന്നിധ്യത്തിനും, പരാശ്രയംകൂടാതെ കാലക്ഷേപം ചെയ്യുന്നതിനുള്ള പ്രാപ്തിക്കും, ഉന്മേഷമായ ജീവിതം നയിക്കുന്നതിനു് നിദാനമായിരിക്കുന്ന സുഖത്തിനും സഹോദരൻ ആർക്കു് കടപ്പെട്ടിരിക്കുന്നുവോ ആ ആളിനോടു 'വളരെ നന്ദി'യെന്നുപോലും എന്തുകൊണ്ടു് പറയുന്നില്ല?

എന്റെ സഹോദരൻ കൃതഘ്നനായിത്തീരുകയാണോ? സ്വന്തജോലികൾ കൃത്യമായും, വിശ്വസ്തതയോടുംകൂടി ചെയ്യുന്ന എന്റെ സഹോദരൻ- അത്യന്തം പരിശ്രമിയായ എന്റെ സഹോദരൻ- അന്യർക്കുവേണ്ടി സ്വയം മറക്കുന്ന എന്റെ സഹോദരൻ- ദൈവത്തിന്റെയും, വി. പള്ളിയുടേയും കല്പനകളെ ക്രമലില്ലാതെ ലംഘിക്കുന്നതു് എന്തുകൊണ്ടു്?

എന്റെ സഹോദരൻ വാഗ്ദാനലംഘനം ചെയ്യുകയോ?

ക്രിസ്തീയമായ ഒരു വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള എന്റെ സഹോദരൻ— ദൈവത്തിന്റേയും, വി. പള്ളിയുടേയും നേർക്കുള്ള തന്റെ കടമകളെ ശരിയായി മനസ്സിലാക്കിയിട്ടുള്ള എന്റെ സഹോദരൻ- ആവശ്യപ്പെട്ടാൽ പ്രസ്തുത തത്വങ്ങളെ അന്യരെ മനസ്സിലാക്കി സമ്മതിപ്പിക്കുന്നതിനു ത്രാണിയുള്ള എന്റെ സഹോദരൻ, മതകാര്യങ്ങളിൽ എന്തുകൊണ്ടു് ഇത്ര അശ്രദ്ധ പ്രദർശിപ്പിക്കുന്നു? ഒരു കുരിശിന്റെ അടയാളംപോലും വരക്കുന്നതിനു് എന്താണു് ഇത്രമടി? എന്തുകൊണ്ടാണു്. ദൈവത്തേയും, വി. പള്ളിയേയും, വൈദികരേയും ദുഷിക്കുന്നതു്?

എന്റെ സഹോദരൻ ഭീരുവായിത്തീരുമൊ?

തന്റെ സഹോദരിയുടെ മുൻപിൽ പ്രശംസാർഹമായ വിവേകം പ്രദർശിപ്പിക്കുന്ന എന്റെ സഹോദരൻ- അവളുടെ പരമാർത്ഥതയേയും നിർമ്മലതയേയുംപററി അഭിമാനിക്കാറുള്ള എന്റെ സഹോദരൻ, എന്തുകൊണ്ടു് സ്വയം അവിവേകിയാകുന്നു? തന്റെ സഹോദരിക്കു് വായിക്കുവാൻ അനുവദിക്കപ്പെടാത്ത പുസ്തകങ്ങൾ, എന്റെ സഹോദരൻ അമ്മ കാണാതെ വായിക്കുന്നില്ലേ? തന്റെ സഹോദരിക്കു് അനുവദിക്കപ്പെടാത്ത സംഘങ്ങളിൽ, അമ്മയുടെ അനുമതിയും അറിവും കൂടാതെ എന്റെ സഹോദരൻ ചേരുന്നില്ലേ?

അവസാനമായി അമ്മയെ അത്യധികം സ്നേഹിക്കുകയും, എന്നോടു വാത്സല്യപൂർവ്വം വർത്തിക്കുകയും ചെയ്തുവന്നിരുന്ന സഹോദരൻ ഈയിടെ എന്തുകൊണ്ടാണു് ഞങ്ങളോടു് അതൃപ്തി പ്രദർശിപ്പിക്കുന്നതു്? ഞങ്ങളോടുകൂടെ സഹവസിക്കുന്നതിനു അത്യധികം സന്തോഷം പ്രദർശിപ്പിച്ചിരുന്ന സഹോദരൻ എന്തുകൊണ്ടു് ഞങ്ങളിൽനിന്നു മാറിപ്പോകുന്നു?

പ്രിയ സഹോദരാ, എന്റെ ഈ ചോദ്യങ്ങൾക്കു സമാധാനം പറഞ്ഞാലും. ഇതിന്റെശേഷം അവൾ ആ മുറിയിലുണ്ടായിരുന്ന പ. കന്യകയുടെ രൂപത്തിൻ മുൻപാകെ പ്രാർത്ഥിച്ചതിന്റെ ശേഷം കത്തുമടക്കി സഹോദരന്റെ മേശപ്പുറത്തു വച്ചിട്ടുപോയി.

അത്താഴത്തിനുള്ള നേരമായി. കുടുംബാംഗങ്ങളെല്ലാം ഒരുമിച്ചുകൂടുന്ന സമയവും അതുതന്നെയായിരുന്നു. നമ്മുടെ പ്രേഷിത മുറിയിൽ ആശങ്കയോടുകൂടി നില്ക്കുന്നു. സഹോദരൻ മുറിയിൽ പ്രവേശിച്ചു്, അശ്രുപ്രവാഹത്തോടുകൂടി സഹോദരിയെ സമീപിക്കുന്നു; അവളെ സ്നേഹപൂർവ്വം ആലിംഗനം ചെയ്യുന്നു. "പ്രിയസഹോദരി," അയാൾ പറയുന്നു. "ഞാൻ സഹോദരിയുടെ ചോദ്യങ്ങൾക്കു സമാധാനം പറയുവാനാണു് വന്നിരിക്കുന്നതു്. എന്നാൽ പിരിയുന്നതിനു മുൻപു് നിശാകാല പ്രാർത്ഥന നമുക്കെല്ലാവർക്കുംകൂടി കഴിക്കാം."

ഒരു കുടുംബത്തിലെ ഒരു എളിയ അംഗത്തിന്റെ ആദർശപരമായ ജീവിതത്തിന്റെഫലം എത്രമാത്രമെന്നു നോക്കുക. കത്തോലിക്കാ ബാലന്മാരെ, ബാലികമാരെ, നിങ്ങൾക്കും ഇതുതന്നെ സാധിക്കാവുന്നതാണു്. നിങ്ങളോടു ദൈവം ഇപ്പോൾ ആവശ്യപ്പെടുന്ന പ്രേഷിതവൃത്തി ഇതുതന്നെയാണു്. നിങ്ങളുടെ സന്മാതൃകകൊണ്ടും പുണ്യശുഷ്കാന്തികൊണ്ടും, നിങ്ങളുടെ കുടുംബാംഗങ്ങളെ പുണ്യവീഥിയിലേക്കു് ആകർഷിക്കുവിൻ. പിന്നീടു നിങ്ങൾക്കു വലിയ കാര്യങ്ങൾ ചെയ്വാൻ സാധിക്കും.

## ൧൯൨൯ കർക്കടകമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### മുഴുവൻ ധ്യാനപ്രചാരം.

വ്യാപാരികൾ, കമ്പനിക്കാർ ആദിയായവർ പ്രതിദിനവും പ്രതിമാസവുമുള്ള അവരുടെ കണക്കുകൾ ശരിപ്പെടുത്തിപ്പോകുന്നതുകൂടാതെ വത്സരാവസാനത്തിൽ ആണ്ടുതിരട്ടു തീർത്തുലാഭനഷ്ടങ്ങളുടെ നില മനസ്സിലാക്കി തദനുസരണമായി അടുത്തകൊല്ലത്തേയ്ക്കുള്ള അവരുടെ പ്രവൃത്തിപദ്ധതികൾ തയാറാക്കുന്നു. ഇപ്രകാരം കണക്കുകൾതിട്ടപ്പെടുത്താതെ അവ്യവസ്ഥിതമായി നടത്തപ്പെടുന്ന ഏർപ്പാടുകൾ ഏതുനിലയിൽ കലാശിക്കുമെന്നുള്ളതു ആരോടും പറഞ്ഞു

റിയിക്കേണ്ടആവശ്യമില്ല. ലൌകിക വ്യാപാരങ്ങളിലുള്ള ഈ അനുഭവം തന്നെയാണ ആദ്ധ്യാത്മിക വിഷയത്തിലും പ്രത്യക്ഷപ്പെടുന്നതു. നിത്യരക്ഷസംബന്ധമായ സംഗതികൾ ക്രമപ്പെടുത്താതെ താറുമാറായജീവിതം കഴിക്കുന്നവർ മരണസമയത്തു ഭയങ്കരമായ നിരാശയിലകപ്പെടുകയും ഒടുവിൽ നിത്യനാശത്തിന്നു പാത്രീഭവിക്കയും ചെയ്വാനിടയാകുന്നു. ഇതിലേക്കു നമ്മുടെ മാതാവായ തിരുസഭ ഉപദേശിച്ചിട്ടുള്ള രക്ഷാകരമായ പല പ്രതിവിധികളിൽ ഒന്നത്രെ ഇടയ്ക്കിടെയുള്ള മുഴവൻ ധ്യാനങ്ങൾ. ഏതാനും ദിവസങ്ങൾ ലൌകിക വ്യവഹാരങ്ങളിൽ നിന്നു അകന്നിരുന്നുകൊണ്ട് നിത്യസത്യങ്ങളിന്മേൽ ധ്യാനിക്കയും, ജീവിതനടപടികളെ പരിശോധിക്കയും, തെറ്റുകളെ തിരുത്തുവാനുള്ള പൂർണ്ണനിശ്ചയത്തോടുകൂടെനല്ലകുമ്പസാരം കഴിച്ചു ജീവിത നവീകരണം ആരംഭിക്കുകയും ചെയ്യുന്നതിലേക്കുള്ള ഈ വിധ മുഴവൻധ്യാനങ്ങൾ കൊണ്ടു ലഭിക്കാവുന്ന പ്രയോജനം അവർണ്ണനീയമെന്നേ പറയാനുള്ളു. സ്വർഗ്ഗീയ നിർദ്ദേശമനുസരിച്ചു വി. ഈനാസിയോസ് ലൊയോളാ എഴുതിയിട്ടുള്ള ജ്ഞാനധ്യാനങ്ങളാണ് ഇപ്പോൾ പ്രായേണ ഉപയോഗത്തിലിരിക്കുന്നതു്. തിരുസഭാദ്ധ്യക്ഷന്മാർ ഈ ധ്യാനക്രമത്തെ അംഗീകരിക്കയും ശ്ലാഘിക്കയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഈ ജ്ഞാനാഭ്യാസങ്ങൾ നടത്തിയതിനാൽ മാനസാന്തരം പ്രാപിക്കയും പുണ്യപൂർണ്ണതയിൽ എത്തുകയും, പുണ്യവാന്മാരായിത്തീരുകയും ചെയ്തിട്ടുള്ളവരുടെ സംഖ്യ നിരവധിയാണെന്നു പറയാം. ഈ ചെറിയ പുസ്തകത്തിൽ എത്ര അക്ഷരങ്ങളുണ്ടോ ഏകദേശം അത്രയും മാനസാന്തരങ്ങൾ ഇതുവഴി സംഭവിച്ചിട്ടുണ്ടെന്നു കണക്കാക്കിയിരിക്കുന്നതായി ഒരു ഈശോസഭാപണ്ഡിതൻ പ്രസ്താവിച്ചിരിക്കുന്നു. മുറപ്രകാരമുള്ള ജ്ഞാനധ്യാനങ്ങൾ കഴിക്കുന്നവക്കു തിരുസഭ പല പ്രത്യേക ദണ്ഡവിമോചനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. സന്യാസ സഭകളിലെല്ലാം പ്രതിവത്സരം ഇപ്രകാരമുള്ള വലിയ മുഴവൻ ധ്യാനങ്ങൾ നടത്തിവരിക പതിവാണ്. എല്ലാ വൈദികരും ആണ്ടിലൊരു മുഴവൻധ്യാനം കഴിക്കണമെന്നും സഭ നിഷ്കർഷിച്ചിട്ടുണ്ട്. അൽമനേികളുടെയിടയിലും ഈ സുകൃതാഭ്യാസം പ്രചരിച്ചു വരുന്നതിനും, അതിനുവേണ്ടി വിശ്വാസികൾ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കുന്നതിനുമാണ് പരിശുദ്ധ പിതാവാഗ്രഹിക്കുന്നതു്.



ആഗസ്റ്റുമാസം— മിതഭക്ഷണം.

# ക:നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. വി. യോഹന്നാൻ ബെക്കുമാൻസ്.

### 7. യുദ്ധവും ജയവും.

പ്രിയ കുഞ്ഞുങ്ങളെ,

കഴിഞ്ഞ തവണത്തെ യോഹന്നാന്റെ എഴുത്തു കണ്ടപ്പോൾ മാതാപിതാക്കന്മാർ വല്ലാതെ അന്ധാളിച്ചു. തങ്ങളുടെ ഏക ശരണമായി കരുതിയിരുന്ന മകൻ സന്യാസത്തിൽ പ്രവേശിക്കാൻ പോകയോ? അതും ഈശോസഭയിൽ. ഒ

രിക്കലും അതു സമ്മതിക്കാൻ പാടില്ലെന്നുതന്നെ അപ്പൻ നിശ്ചയിച്ചു. അതിലേക്ക അദ്ദേഹം ഉടൻതന്നെ മലീൻസിലേക്ക തിരിക്കുയാണു ചെയ്തതു. യോഹന്നാൻ ഇളകുന്ന ഭാവമൊന്നും കാണുന്നില്ല. അതിനാൽ മകൻെറ കുമ്പസാരക്കാരനായ അച്ചൻെറ പക്കലേയ്ക്കു പോയി. ഒരു പാവപ്പെട്ട കുടുംബത്തിൻെറ ആധാരമായിരുന്ന ഈ ചെറുപ്പക്കാരനെ ഈ വിധം വഴിപിഴപ്പിച്ചു വിട്ടതു അദ്ദേഹമാണെന്നു ആവലാതിപ്പെട്ടു. യോഹന്നാൻ തൻെറ പക്കൽ അറിയിച്ച ശേഷമല്ലാതെ ഈവിവരം താൻ അറിഞ്ഞേയില്ലെന്നും, ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങരുതെന്നു പറവാൻ തനിക്ക നിവൃത്തിയില്ലെന്നും അദ്ദേഹം സമാധാനം പറഞ്ഞു. എന്നാൽ തൻെറ പുത്രൻെറ ദൈവവിളിയുടെ കാര്യം നല്ലപോലെ പരിശോധിക്കതന്നെ വേണമെന്നുറച്ചു മലീൻസിലെ കപ്പൂച്ചിൽ സഭക്കാരുടെ പക്കൽ കുട്ടിയെ കൊണ്ടുചെന്നു. അവർ കുട്ടിയെ വേണ്ടപോലെ പരിശോധിച്ചശേഷം ദൈവവിളിപ്പിനെപ്പററി സംശയിക്കാനില്ലെന്നാണു വിധി പറഞ്ഞതു. എങ്കിലും യോഹന്നാൻെറ സംബന്ധത്തിൽ പെട്ടതായി അവിടെയുണ്ടായിരുന്ന ഒരു വൈദികൻ ബാലനെ കുറേക്കൂടെ കഠിനമായി പരിശോധിപ്പാൻ നിശ്ചയിച്ചു. അതിലും യോഹന്നാൻ വിജയം പ്രാപിക്കതന്നെ ചെയ്തു. ഒടുവിൽ, വീട്ടിൽചെന്നു എല്ലാവരോടും യാത്രപറഞ്ഞു പോകണം എന്നു മാത്രം അപ്പൻ ഒരു നിർബന്ധം തുടങ്ങി. ചില പ്രത്യേക കാരണങ്ങളാൽ യോഹന്നാൻെറ രക്ഷകത്താവായിരുന്ന ഫെ്റായിമോണ്ടച്ചൻ അതിനും സമ്മതിക്കുയുണ്ടായില്ല. ഇങ്ങിനെ യുദ്ധങ്ങളെല്ലാം അവസാനിച്ചു് 1916 സെപ്റ്റംബർ 24-ാം തീയതി ശനിയാഴ്ച യോഹന്നാൻ മലീൻസിലെ ഈശോസഭാ നവസന്യാസഭവനത്തിൽ പ്രവേശിച്ചു.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ.— ന. പിതാവു മാർ തോമ്മാശ്ലീഹാ.

(തിരുനാൾ ജൂലൈ 3-ാംനു- ബുധനാഴ്ച.)

ദിവ്യരക്ഷകൻെറ പന്ത്രണ്ടു ശ്ലീഹന്മാരിലൊരാളായ മാർ തോമ്മാശ്ലീഹാ ഈ നാട്ടിൽവന്നു സത്യവേദം പ്രസംഗിച്ചതും രക്തസാക്ഷിമുടി പ്രാപിച്ചതും നാം എപ്പോഴും കൃതജ്ഞതയോടെ ഓക്കേണ്ട സംഭവങ്ങളാണു. നമ്മുടെ സകലഭാഗ്യത്തിൻെറയും കാരണക്കാരനായി ആ പിതാവിനെ കരുതണം. ആ പിതാവിൻെറ നാമം ഓക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ നമ്മുടെ സ്നേഹവും വിശ്വാസവും ജ്വലിക്കണം. പാപം ചെയ്തു കത്താവിനെ ഉപദ്രവിക്കുന്നതിനേക്കാൾ ജീവൻ വെടിയുന്നതിനുള്ള ധൈര്യം ഈ പിതാവിനോടു ഈ മാസത്തിൽ അപേക്ഷിക്കുക.

## III. കെ. സി. സി. എ. ഡയറി.

കെ. സി. സി. എ. യുടെ നാലാമത്തെ വയസ്സുകഴിഞ്ഞു അഞ്ചാമത്തേവയസ്സിലേക്ക പ്രവേശിക്കുന്നു. ജൂലൈ ൧൬-ാംനു- ചൊവ്വാഴ്ചയാണല്ലോ കർമ്മലനാഥയുടെ തിരുനാൾ. നിയമപ്രകാരമുള്ള പുതിയ തിരഞ്ഞെടുപ്പു അന്നുതന്നെയോ ഒഴിവുള്ള അടുത്ത ദിവസമോ നടത്തി വിവരം അറിയിക്കണം. ഉത്സാഹശീലന്മാരായ സെക്രട്ടറിമാരേയും ആലോചനക്കാരേയും തെരഞ്ഞെടുക്കുന്നതിനു കുഞ്ഞുമക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഓർപ്പിക്കുന്നു. മന്ദീഭവിച്ചുകിടക്കുന്ന സംഘങ്ങൾക്കുപോലും ഈ വിധത്തിൽ ഒരു പുതിയ ജീവനുണ്ടാകുന്നതാണു്.

* * *

നാലുകൊല്ലംമുമ്പു കെ. സി. സി. എ. സംഘാംഗങ്ങളായിച്ചേന്ന ബാലികാ ബാലന്മാർ ഇതിനിടകൊണ്ടു യുവാക്കന്മാരായി തീൎന്നിട്ടുണ്ടു്. അതിനാൽ ബാലസംഘാംഗങ്ങളായിത്തന്നെ ഇരിക്കുന്നതിനു അവക്കു സ്വാഭാവികമായി ഒരു



൩൬൭—ാം നമ്പർ ബാലസംഘം ചെമ്മക്കാട്ട് കൊല്ലം.

ശങ്ക. അതിനാൽ ചിലസ്ഥലങ്ങളിൽ അവർ വേറൊരു വിധത്തിൽ രൂപാന്തരപ്പെടുത്തി നടത്തിവരുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു.

* * *

ഇങ്ങനെ രൂപാന്തരപ്പെട്ട യുവജന സംഘങ്ങൾക്കു കെ. സി. വൈ. ഏ. (The Korala Catholic Youth's Association "കേരളീയ കത്തോലിക്കയുവജനസംഘം" എന്ന പേരുകൊടുത്തിരിക്കയാണ്. കേ. സി. സി. ഏ.യുടെ ഒരു ശാഖയായിട്ടുമാത്രമേ ഇതിനെ കരുതാനുള്ളു. നിയമങ്ങളും മററുമെല്ലാം അതിനുള്ളതുമാത്രം മതി. പ്രായം ചെന്ന കെ. സി. സി. ഏ. ക്കാർ മനസ്സുള്ളവർ കെ. സി. വൈ. ഏ.ക്കാരായി നടത്തികൊള്ളണമെന്നേയുള്ളു. ഒന്നാം ആലോചനക്കാരൻ അസിസ്റ്റൻറു സെക്രട്ടറിയും രണ്ടാം ആലോചനക്കാരൻ ഖജാൻജിയും കൂടി ആയിരുന്നുകൊള്ളട്ടെ. കെ, സി.വൈ.ഏ. കഴിഞ്ഞാൽഅടുത്തുള്ളതും അവസാനത്തേതുമായപടികോൺഗ്രസ്സിലേക്കായിരിക്കും. ആവശ്യമുള്ളവർ കെ. സി. വൈ. ഏ. രൂപീകരിച്ചു പേരുകൾ അയച്ചുതരുന്നപക്ഷം ലിസ്റ്റിൽ ചേർത്തു നമ്പരുകൾ അയക്കുന്നതാണ്.

മാന്നാനത്തേ കേ. സി. വൈ ഏ. ക്കാർ ഇക്കഴിഞ്ഞ തിരുഹൃദയത്തിരുനാൾ കഴിഞ്ഞു വന്ന ഞായറാഴ്ച, സ്ഥലത്തെ യുവജനങ്ങളെയെല്ലാം ചേർത്തു തിരുഹൃദയത്തിനു ആഘോഷമായ ഒരു പ്രതിഷ്ഠ നടത്തിയിരിക്കുന്നു. തിരുഹൃദയ സ്വരൂപവും എഴുന്നള്ളിച്ചു ബാൻറു മുതലായ വാദ്യമേളങ്ങളോടുകൂടെ നടത്തിയ ഘോഷയാത്രയുടെശേഷം പ്രതിഷ്ഠാകർമ്മം കഴിയ്ക്കുകയും റവ. ഫാദർ റൊമേയോ തോമ്മസ് സി. ഡി. എം. ഏ. എൽ. ററി. അവർകൾ ഉജ്ജ്വലത്തായ ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി. യുവജനങ്ങളുടെയിടയിൽ തദനന്തരം ഒരു നവജീവൻ വീണിട്ടുള്ളതായി കാണുന്നതു സന്തോഷാവഹം തന്നെ.

* * *

ജപമാല പ്രാർത്ഥന മനപ്പാഠം പഠിച്ചിട്ടുള്ളവരായി മുന്നൂററിച്ചില്വാനംഅംഗങ്ങളുടെ പേരുകൾ കിട്ടിയിട്ടുള്ളതിൽ പകുതിയിലധികവും ബാലികാസംഘാംഗങ്ങളാണു. കളത്തൂർ ൨൫൦—ാംനമ്പർ ബാലസംഘത്തിലെ പടിഞ്ഞാറെ വെട്ടുകാട്ടിൽ വർക്കി, മൈലക്കൊമ്പു ൧൭൧—ാം നമ്പർ സംഘത്തിലെ താത്തേക്കൽ ഉലഹന്നാൻ ചാക്കോ, കുറ

വിലങ്ങാട്ടു ൩൩—ാം നമ്പർ ബാലികാ സംഘത്തിൽനിന്നു നെല്ലിമല അന്ന, കടുത്തുരുത്തി ൨൨൩-ാം നമ്പർ സംഘത്തിൽനിന്നു ചേമ്പാല അന്ന എന്നിവൎക്കു ഇത്തവണത്തേ സമ്മാനങ്ങൾ ലഭിച്ചിരിക്കുന്നു. ജൂൺമാസത്തെ മത്സര വിഷയം കഴിഞ്ഞ ലക്കം കുസുമം നോക്കുക. ജൂലൈമ സത്തോസ്ത്ത ഉത്തരീയ സഭയിൽ ചേൎന്നു പേരെഴുതിച്ചിട്ടുള്ളവരുടെ പേരുകളാണ്. അയയ്ക്കേണ്ടതു് ഇതേവരെ വെന്തീങ്ങാ ഏററിട്ടില്ലാത്തവർ ഉടനെ അതു നടത്തിയിട്ടെങ്കിലും പേരയയ്ക്കുമല്ലോ.

* * *

കൎമ്മലനാഥയുടെയും മാർ തോമ്മാശ്ലീഹായുടെയും തിരുനാൾ കുഞ്ഞുമക്കൾക്കെല്ലാവൎക്കും മംഗളമായി ഭവിക്കട്ടെ! ജാതീയ ദിന ഘോഷത്തിൽ കുഞ്ഞുമക്കൾ എല്ലായിടത്തും മുന്നിട്ടു നിന്നു പ്രവൎത്തിക്കണം. ജാതീയ ബോധത്തിന്റെ കുറവു വൎദ്ധിച്ചുവരുന്നതു നിങ്ങളാണു തീൎക്കാനുള്ളതു.

* * *

പരിശുദ്ധപിതാവു തിരുമനസ്സിലേക്കുള്ള ജ്ഞാനപൂക്കെട്ടുകൾ അയച്ചിട്ടില്ലാത്തവർ ഉടനേ ഇങ്ങോട്ടെഴുതിഅയപ്പാൻ സെക്രട്ടറിമാർ താല്പൎയ്യപ്പെടണമെന്നു ഓൎപ്പിക്കുന്നു. എനിക്കുവേണ്ടിയും അപേക്ഷിക്കണമെ.

എന്നു് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ

## വൎത്തമാനസംഗ്രഹം.

ദിവാൻ മി. വാട്ട്സ് ജൂൺ 22-ാം തീയതി ശനിയാഴ്ച തിരുവിതാംകൂർ സൎവ്വീസിൽനിന്നു പിരിഞ്ഞിരിക്കുന്നു. ഇത്ര ആഘോഷമായ യാത്ര അയപ്പു മുമ്പു ഒരു ദിവാൻജിക്കും ഉണ്ടായിട്ടില്ല.

മി.വാട്ട്സ് ബോംബയിൽനിന്നു ഇൻഡ്യാവൈസറോയി ഐർവിൻ പ്രഭുവിനോടൊന്നിച്ചു യൂറോപ്പിനു കപ്പൽ കയറുന്നതും ജനീവായിൽ കുറേ വിശ്രമിച്ചശേഷം ഇംഗ്ലണ്ടിലേക്കു തിരിക്കുന്നതുമാണു.

പകരം നിയമിക്കപ്പെട്ടിട്ടുള്ള ദിവാൻ മി. വി. എസ്. സുബ്രഹ്മണ്യയ്യർ ബി. ഏ. ബി. എൽ. ചങ്ങനാശേരി സ്വദേശിയും കീൎത്തിപെട്ട ഒരു വക്കീലായും ഹൈർക്കോർട്ടു ജഡ്ജിയായും ജനസമ്മതി സിദ്ധിച്ചിട്ടുള്ള ആളുമാകുന്നു.

തിരുവിതാംകൂർ ഹൈക്കോടതിതിയിലുണ്ടായ മൂന്നു ഒഴിവുകളിലേക്കു ഹെഡ്സൎക്കാർവക്കീലായിരുന്ന മി. വെങ്കിട്ടറാവു, ഹൈക്കോർട്ടുവക്കീൽ മി. പി. കെ. നാരായണപിള്ള, സീനിയർ ഡി. ജഡ്ജി മി. കെ. കെ. ചാക്കോ എന്നിവരെ നിയമിച്ചിരിക്കുന്നു.

ഇൻഡ്യയിലെ ബാങ്കുകളേപ്പററിയുള്ള പൎയ്യന്വേഷണത്തിനായി ബ്രിട്ടീഷ് ഗവൎമ്മെൻറിൽ നിന്നും നിയമിച്ചിട്ടുള്ള കമ്മിററിയിലേക്കു മദ്രാസ് പ്രസിഡൻസിയിലെ പ്രാദേശിക കമ്മിററി അംഗമായി ഡോക്ടർ പി. ജെ. തോമസ്സിനേയും, അതിന്റെ സെക്രട്ടറിയായി മി. സി. ജെ. പോളിനേയും നിയമിച്ചിരിക്കുന്നു. കേരളീയ കത്തോലിക്കൎക്കു എത്രയും അഭിമാനകരമായ ഈ നിയമനത്തിൽ ഇരുവരെയുംഅനുമോദിച്ചുകൊള്ളുന്നു.

മാന്നാനം സ്വദേശിയും തീക്കോയിപ്പള്ളി വികാരിയുമായ പുറക്കരിയിൽ ബ. ദേവസ്യാച്ചൻ അവൎകളുടെ നേതൃത്വത്തിൽ റോമയിലേക്കു പുറപ്പെട്ടിരിക്കുന്ന തീൎത്ഥയാത്രാസംഘം ജൂൺ17-ാംനു ഒർസോവാ എന്ന ഇംഗ്ലീഷ് കപ്പലിൽ കൊളമ്പിൽനിന്നു തിരിച്ചിരിക്കുന്നു.

വന്ദ്യദിവ്യശ്രീ നിധിയിരിക്കൽ മാണിയച്ചൻ അവൎകൾ മരിച്ചിട്ടു ജൂൺ ൨൦-ാംനു ൨൫ കൊല്ലം പൂൎത്തിയായിരിക്കുന്നു. അദ്ദേഹത്തിന്റെ കവറിടത്തുകൽ ഒരു മാർബിൾക്കല്ലിടുന്നതിനും അദ്ദേഹത്തിന്റെ ഒരു ഛായാപടം സ്ഥാപിക്കുന്നതിനും മററും സ്മാരകക്കമ്മററിക്കാർ വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നതായി അറിയുന്നു.

# മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വി. കൊച്ചുത്രേസ്യായുടെ മനോഗുണത്താൽ എൻെറ ഭാൎയ്യയുടെ പ്രസവം അപകടംകൂടാതെ കഴിഞ്ഞതിനു ഉപകാരസ്മരണ.

സി. സി. എം. അതിരമ്പുഴ.

വി. കൊച്ചുത്രേസ്യായുടെയും കാവൽമാലാഖായുടെയും മദ്ധ്യസ്ഥതയാൽ ഇക്കൊല്ലം വി. എസ്. എൽ. സി. പരീക്ഷയിൽ പാസ്സായതിനു ഉപകാരസ്മരണ.

സി. അല്ലോൻസാ ഭരണങ്ങാനം.

വി. മിഖായേൽ മാലാഖായുടെ സഹായത്താൽ ഉദ്ദേശകാൎയ്യം സാധിച്ചതിനു കുസുമംവഴി ഉപകാരസ്മരണ.

പി. പി കെ. തെനംകുന്നം.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു.

എ. റോമൻ ഇരവിപുരം.

കാലം ചെയ്ത കൎയ്യാളശ്ശേരി മെത്രാനച്ചൻെറ സഹായത്താൽ എൻെറ അമ്മയുടെ അത്യാപല്ക്കരമായ സുഖക്കേട് ഭേദമായതിനു.

എഫ് വി. കോയിപ്പള്ളി ചമ്പക്കുളം.

തിരുക്കുടുംബത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥതയാൽ എൻെറ ഭാൎയ്യയുടെ കടിഞ്ഞൂൽ പ്രസവം സുഖമായി കഴിഞ്ഞതിനു കെ. വി. അരുവിത്തുറ.

കുടുംബപ്രതിഷ്ഠ കഴിക്കാമെന്നു നേൎന്നതിനാൽ അത്ഭുതകരമായി ലഭിച്ച രോഗശമനത്തിനു. ജോസഫ് ഉപ്പുകുളം പൂഞ്ഞാർ.

വി. കൊച്ചുത്രേസ്യായുടെയും കാലം ചെയ്ത കൎയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറയും സഹായത്താൽ എൻെറ ഭാൎയ്യയുടെ പ്രസവം അപകടംകൂടാതെ കഴിഞ്ഞതിനു

ജോസഫ് ജെ. പാലാ.

ഈശോയുടെ തിരുഹൃദയത്തിൻെറ മനോഗുണത്താലും പ. കന്യകമറിയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥത്താലും എൻെറ സഹോദരൻെറ ഉദരരോഗം ശമിച്ചതിനു. സി. ജെ. കെ. കോട്ടപ്പടി.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ആഗ്രഹിച്ച കാൎയ്യം സഫലമായതിനു.

എം. എ. മാത്യു രാമപുരം.

തിരുഹൃദയത്തിൻെറയും വി. അന്തോനീസിൻെറയും സഹായത്താൽ കുട്ടിയുടെ ഭയം നീങ്ങിയതിനും കാണാതെപോയ ആഭരണം കിട്ടിയതിനും ഉപകാരസ്മരണ. ജെ. എം. വി.

വി. കൊച്ചുത്രേസ്യായുടെയും വി. റീത്തായുടെയും വി. യൌസേപ്പുപിതാവിൻെറയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു സി. മറിയാഞ്ഞസ്, അങ്കമാലി.

കാലം ചെയ്ത കൎയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറ സഹായത്താൽ അപകടകരമായ എൻെറ രോഗം ഭേദപ്പെട്ടതിനു.

അന്ന താഴത്തു കുടമാളൂർ.

കുടമാളൂർ വി. കൊച്ചുത്രേസ്യാപ്പള്ളി കരിശ്ശും പൂവും എഴുന്നള്ളിക്കാൻ നേൎന്നുനിമിത്തം പല വൈദ്യന്മാർ ചികത്സിച്ചിട്ടു ഭേദമാകാതിരുന്നതും മൂന്നു കൊല്ലം ദീൎഘിച്ചിരുന്നതുമായ എൻെറ വയററുവേദന നിശ്ശേഷം നീങ്ങിയതിനു. മേരി താഴത്തു കുടമാളൂർ.

കുസുമവായനക്കാരുടെയും വി. ശിഷ്യ കർമ്മെലനാഥയുടെ കുഞ്ഞുമക്കളുടെയും അപേക്ഷയാൽ എൻെറ ആഗ്രഹം സാധിച്ചതിനു ഉപകാരസ്മരണ. വേറൊരുകാൎയ്യംകൂടി സാധിച്ചുകിട്ടുന്നതിനു പ്രാൎത്ഥിപ്പാനപേക്ഷ.

വി. വി. പെറെയിരാ സിലോൺ.

വി കൊച്ചുത്രേസ്യായുടെയും കൎയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറയും ശുദ്ധീകരാത്മാക്കളുടെയും സഹായത്താൽ അപായകരമായ എൻെറ സുഖക്കേട് ഭേദമായതിനു.

എസ്. എം. എസ്. കടനാട്ട്.

വി. യൌസേപ്പുപിതാവിൻെറ മദ്ധ്യസ്ഥതയാൽ സ്കൂൾഫൈനൽ പരീക്ഷയിൽ ഒന്നാമത്തെ ലിസ്റ്റിൽതന്നെ വിജയം പ്രാപിച്ചതിനു ഉപകാരസ്മരണ.

# ചരമവൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

തോട്ടയ്ക്കാട്ടുപള്ളിയിടവക എടവേലിൽ കുഞ്ഞുപോത്തൻഅവർകളുടെഭാൎയ്യ ശ്രീമതിമറിയക്കുട്ടി മേ ൠ- 16വയസ്സു.

വിളക്കുമാടം പള്ളിയിടവക പുത്തൻപുരയ്ക്കൽ കുരുവിളമാപ്പിള അവർകൾ ജൂൺ ൧൩-ാംനു- ൭൦ വയസ്സു.

ആലപ്പുഴ ഇടവക കൊച്ചുപുരയ്ക്കൽ ശ്രീമതി മറിയാമ്മ ജൂൺ ൧൪-ാംനു- ൭൦ വയസ്സു.

# പഞ്ചാംഗം.

ഏപ്പകത്തി ൧൯. ൧൧൦൪ ഞായറാഴ്ച അക്ഷരം . ൦

## ൧൯൨൯ ജൂലൈ.— ൧൧൦൪ മിഥുനം-കക്കടകം.

| | | | | | |
|---|---|---|---|---|---|
| 1 | 17 | തി | യോഹന്നാൻ മാം. എട്ടാം ന. ആ. കു. വെ. | | വെ. |
| 2 | 18 | ചൊ | ക. മറിയത്തിന്റെ മെസൽത്ത ന. ആ. കു. വെ. | | വെ. |
| 3 | 19 | ബു | ✠ ന. പി. മാർ തോമ്മാശ്ലീഹാ 8 ദിവസം ന. കു. വെ. | | ചു. |
| | | | പാലാ, ചെമ്പു, കോക്കമംഗലം, ഏങ്ങണ്ടിയൂർ, മററം. | | |
| | | | ☞ അടുത്ത 5-ാംനു- ആദ്യവെള്ളി. | | |
| | | | ശവം വെച്ചുള്ള കർബാനക്രുടെയും ഇന്നു മുടക്കം, | | |
| 4 | 20 | വ്യാ | എം. ന. കു. വെ. | | ചു. |
| 5 | 21 | വെ | എം. ന. കു. വെ. | | ചു. |
| 6 | 22 | ശ | എം. ന. കു. വെ. | | ചു. |
| 7 | 23 | ഞാ | ✠ പന്ത. ൭-ാം ഞാ. ന. കു. ആ. | [illegible] | ചു. |
| 8 | 24 | തി | എം. ന. കു. വെ. | | ചു. |
| 9 | 25 | ചൊ | എം. ന. കു. വെ. | | ചു. |
| 10 | 26 | ബു | എട്ടാം. ന. കു. വെ. | | ചു. |
| 11 | 27 | വ്യാ | വേ. പാ. പീയോസ് ന. ആ. കു. വെ. | | ചു. |
| 12 | 28 | വെ | വേ. നാബോരും ഫെലിക്സും ന. ആ. കു. വെ. | | ചു. |
| 13 | 29 | ശ | വേ. പാ. അനക്ലെത്തോസു ന. ആ. കു. വെ. | | ചു. |
| 14 | 30 | ഞാ | ✠ പന്തക്കുസ്താ എട്ട-ാം ഞാ. ന. കു. ആ. | [illegible] | വ. |
| 15 | 31 | തി | ✻ മൗ. ആ. മാർ. യാക്കോബ് ന. ആ. കു. വെ. | | വെ. |
| 16 | 1 | ചൊ | ✻ കർമ്മല മാതാവു് ന. ആ. കു. വെ. | | വെ. |
| | | | കർമ്മലആശ്രമം വാഴക്കുളം, മാർസ്ലീവാപ്പള്ളി ആലപ്പുഴ. | | |
| | | | ഉത്തരീയസഭയുടെ പ്രൊതാസ്യസ് കേപാസ്യസ്. | | |
| 17 | 2 | ബു | മൗ. അലെക്സിസ് ന. ആ. കു. വെ. | | വെ. |
| 18 | 3 | വ്യാ | വേ. സിമ്പറോസും മക്കളും ന. ആ. കു. വെ. | | ചു. |
| 19 | 4 | വെ | ✻ മൗ. വിനസന്തിയോസു് പൗലാ ന. ആ. കു. വെ. | | വെ. |
| 20 | 5 | ശ | ക. വെ. മഗ്ദറീത്ത ന ആ. കു. വെ. | | ചു. |
| 21 | 6 | ഞാ | ✠ പന്ത, ൯-ാം ഞാ. ന. കു. ആ. | [illegible] | വ. |
| | | | ☞ അടുത്ത ബുധൻ ഇ. വി. | | |
| 22 | 7 | തി | മറിയം മഗ്ദലീത്ത ന. ആ. കു. വെ. | | വെ. |
| 23 | 8 | ചൊ | വേ. അപ്പോളിനാരീസ് ന. ആ. കു. വെ. | | ചു. |
| 24 | 9 | ബു | ശ്ലീ. യാക്കോബു് തലേനാൾ ന. ആ. കു. തലേ. ഇ. വി. | | റോ. |
| 25 | 10 | വ്യാ | (†) മാർ യാക്കോ ശ്ലീഹ ന. കു. വെ. | | ചു. |
| | | | ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണൻ | | |
| 26 | 11 | വെ | അന്നാഉമ്മ ന. ആ. കു. വെ. | | വെ. |
| 27 | 12 | ശ | വേ. പന്താലിയോൻ ന. ആ. കു. വെ. | | ചു. |
| 28 | 13 | ഞാ | ✠ പന്ത. ൧൦-ാം ഞാ. ന. കു. ആ. | [illegible] | വ. |
| | | | ☞ അടുത്ത ൨-ാംനു- ആദ്യവെള്ളി. | | |
| 29 | 14 | തി | ക. മർത്താ. ന. ആ. കു. വെ. | | വെ. |
| 30 | 15 | ചൊ | അവ്വദോനും സ്രെന്നും ന. ആ. കു. വെ. | | ചു. |
| 31 | 16 | ബു | ✻ മൗ. ഇഗ്നാസിയോസു് ലൊയൊള ന. ആ. കു. വെ. | | വെ. |

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press Mannanam 1929.